2023
NOVEMBER
16
THURSDAY
l Issue-e Paper
E-mail: odaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995



# കിങ് കോഹ്‌ലി

**മുംബൈ** ക്രിക്കറ്റ് ദൈവത്തെ സാക്ഷിയാക്കി ഏകദിന ക്രിക്കറ്റിലെ 50ാം സെഞ്ചറി തികച്ച് വിരാട് കോഹ്‌ലി. ന്യൂസീലൻഡിനെതിരായ ഏകദിന ലോകകപ്പ് സെമി ഫൈനലിൽ 106 പന്തുകളിൽനിന്നാണ് വിരാട് കോഹ്‌ലി സെഞ്ചറിയിലെത്തിയത്. ലോകകപ്പിൽ ദക്ഷിണാഫ്രിക്കയ്ക്കെതിരെ 49ാം സെഞ്ചറി നേടിയ കോലി, ഒരു മത്സരത്തിന്റെ മാത്രം ഇടവേളയിൽ 50 ലെത്തി. നെതർലൻഡ്സിനെതിരായ ലോകകപ്പ് മത്സരത്തിൽ കോഹ്‌ലി അർധ സെഞ്ചറി നേടിയിരുന്നു.

49 സെഞ്ചറികളുമായി സച്ചിൻ തെൻഡുൽക്കർക്കൊപ്പം ഏതാനും ദിവസം മാത്രമാണ് കോഹ്‌ലി തുടർന്നത്. ബുധനാഴ്ച സച്ചിന്റെ സ്വന്തം വാങ്കഡെ സ്റ്റേഡിയത്തിലാണ് ക്രിക്കറ്റ് ദൈവത്തെ താരം പിന്തള്ളിയത്. ചരിത്ര നേട്ടത്തിൽ കോഹ്‌ലിഎത്തിയപ്പോൾ സന്തോഷം അടക്കാനാകാതെ ഗാലറിയിൽ ഭാര്യ അനുഷ്ക ശർമയുമുണ്ടായിരുന്നു. കണ്ണുകൾ നിറഞ്ഞ അനുഷ്ക സ്റ്റേഡിയത്തിലെ പതിനായിരങ്ങൾക്കൊപ്പം എഴുന്നേറ്റുനിന്നു കയ്യടിച്ചു. കോഹ്‌ലി ഗ്രൗണ്ടിൽനിന്ന് അനുഷ്കയ്ക്കു സ്നേഹചുംബനം നൽകി. ഗാലറിയിലെ ക്രിക്കറ്റ് ഇതിഹാസത്തെ തല താഴ്ത്തി നമിച്ച ശേഷമാണു താരം ബാറ്റിങ് വീണ്ടും തുടങ്ങിയത്.

ലോകകപ്പ് ചരിത്രത്തിൽ ഒരു എഡിഷനിൽ തന്നെ 700ന് മുകളിൽ റൺസ് നേടുന്ന ആദ്യ താരവുമായി വിരാട് കോഹ്‌ലി. 673 റൺസുള്ള സച്ചിൻ തെൻഡുൽക്കറുടെ റെക്കോർഡ് കോലി മറികടന്നു. 2003ലായിരുന്നു സച്ചിന്റെ നേട്ടം. മറ്റൊരു പ്രത്യേകത കൂടി വിരാട് കോലിയുടെ സെഞ്ചറിക്കുണ്ട്. 2013 നവംബർ 15നാണ് സച്ചിൻ വാങ്കഡെ സ്റ്റേഡിയത്തിൽ അവസാനമായി ബാറ്റ് ചെയ്തത്. പത്ത് വർഷങ്ങൾക്കു ശേഷം അതേ സ്റ്റേഡിയത്തിൽ അതേ ദിവസമാണ് കോഹ്‌ലി സച്ചിനെ സെഞ്ചറി നേട്ടത്തിൽ പിന്നിലാക്കിയത്.

# പകരം വീട്ടി ഇന്ത്യ

**മുംബൈ:** ലോകകപ്പ് സെമി ഫൈനൽ മത്സരത്തിൽ ന്യൂസിലൻഡിനെ മലർത്തിയടിച്ച് ഇന്ത്യ. 70 റൺസിനായിരുന്നു ഇന്ത്യൻ ജയം. സെഞ്ചുറി പ്രകടനവുമായി തിളങ്ങിയ കോഹ്‌ലി(112 പന്തിൽ 1167) യും ശ്രേയസ് അയ്യരു(70 പന്തിൽ 105)മാണ് ഇന്ത്യൻ ഇന്നിംഗ്സിൻറെ നെടുംതൂൺ. ഇന്ത്യയ്ക്ക് വേണ്ടി മുഹമ്മദ് ഷമി ഏഴ് വിക്കറ്റെടുത്തു.ലോകകപ്പിൽ 50 വിക്കറ്റുകളെന്ന നേട്ടവും ഷമി സ്വന്തം പേരിലാക്കി.ഇന്ത്യ ഉയർത്തിയ 398 റൺസ് വിജലക്ഷ്യത്തിലേക്ക് ബാറ്റെടുത്ത കിവീസ് 48.5 ഓവറിൽ 327 റൺസിന് ഓൾഔട്ടായി.ബാറ്റിംഗ് ആരംഭിച്ച ന്യൂസിലൻഡിന് 39 റൺസിനിടെ ഓപ്പണർമാരായ ഡെവോൺ കോൺവെ (13), രചിൻ രവീന്ദ്ര (13) എന്നിവരെ നഷ്ടമായിരുന്നു.മൂന്നാം വിക്കറ്റിൽ ഒന്നിച്ച ക്യാപ്റ്റൻ കെയ്ൻ വില്യംസൺ ഡാരിൽ മിച്ചൽ കൂട്ടുകെട്ട് 181 റൺസ് കൂട്ടിച്ചേർത്തു. 33ാം ഓവറിൽ വില്യംസണെ ഷമി പുറത്താക്കി. അതേ ഓവറിൽ ടോം ലാഥത്തെ (0) യും വീഴ്ത്തി.പിന്നീട് ഗ്ലെൻ ഫിലിപ്സിനെ കൂട്ടുപിടിച്ച് മിച്ചൽ 75 റൺസ് നേടി. 43ാം ഓവറിൽ ഫിലിപ്സിനെ ബുംറ മടക്കി അയച്ചു. മാർക് ചാപ്മാൻ വേഗത്തിൽ മടങ്ങി. ഡാരിൽ മിച്ചലിനെ ഷമി ജഡേജയുടെ കൈകളിലെത്തിച്ച് അഞ്ച് വിക്കറ്റ് നേട്ടവും സ്വന്തമാക്കി.

## പിന്നാക്ക ഗോത്രവിഭാഗങ്ങളുടെ ഉന്നമനം ലക്ഷ്യം

# 24,000 കോടിയുടെ പദ്ധതിയുമായി പ്രധാനമന്ത്രി

**ജാർഖണ്ഡ്:** പിന്നാക്ക ഗോത്രവിഭാഗങ്ങളുടെ ഉന്നമനം ലക്ഷ്യമിട്ട് 24,000 കോടിയുടെ പദ്ധതി അവതരിപ്പിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. രാജ്യത്തെ 28 ലക്ഷത്തോളമുള്ള പിന്നാക്ക ഗോത്രവിഭാഗങ്ങൾക്കായി പ്രധാനമന്ത്രി പർട്ടിക്കുലർലി വൾനറബിൾ ട്രൈബൽ ഗ്രൂപ്പ് (പിഎംപിവിടിജി) മിഷനാണ് പ്രധാനമന്ത്രി അവതരിപ്പിച്ചത്. ഗ്രോത വർഗ സ്വാതന്ത്ര സമരസേനാനി ബിർസ മുണ്ടയുടെ ജന്മവാർഷികത്തിനോടനുബന്ധിച്ചുള്ള മൂന്നാമത് ജൻജാതീത ഗൗരവ് ദിവസ് ആഘോഷത്തിനിടെയായിരുന്നു പ്രഖ്യാപനം.



ഗോത്രവിഭാഗങ്ങളുടെ ഉന്നമനവും അടിസ്ഥാനസൗകര്യ വികസനവുമാണ് വിവിധ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. റോഡ്, വൈദ്യുതി, ആശയവിനിമയ ബന്ധം, സുരക്ഷിത ഭവനം, ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുക, ശുചിത്വം ഉറപ്പാക്കുക, വിദ്യാഭ്യാസം നൽകുക, ആരോഗ്യ മേഖലയിലെ പുരോഗതി, തൊഴിൽ അവസരങ്ങൾ സൃഷ്ടിടിക്കുക തുടങ്ങിയവയാണ് പിവിടിജി പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഗോത്രവിഭാഗങ്ങളിൽ ഭൂരിഭാഗവും ഉൾപ്രദേശങ്ങളിൽ ഒറ്റപ്പെട്ട് യാതൊരുവിധ സൗകര്യങ്ങളുമില്ലാതെയാണ് കഴിയുന്നത്.

ഈ പദ്ധതി പ്രഖ്യാപനത്തിന് പുറമെ പിഎം കിസാൻ പദ്ധതിയിൽ കർഷകർക്കുള്ള പതിനഞ്ചാമത്തെ ഗഡുവിന്റെ വിതരണവും അദ്ദേഹം നിർവഹിച്ചു. കർഷകർക്കായി 18,000 കോടിയാണ് വിതരണം ചെയ്യുന്നത്. ഇതിലൂടെ എട്ടു കോടിയോളം കർഷകർക്കാണ് പ്രയോജനം ലഭിക്കുക.

# കശ്മീരിൽ ബസ് മലയിടുക്കിലേക്ക് മറിഞ്ഞ് 36 പേർ മരിച്ചു

## നിരവധി പേർക്ക് പരിക്ക്

**ജമ്മു:** ജമ്മു കശ്മീരിലെ ദോഡയിൽ ബസ് മലയിടുക്കിലേക്ക് മറിഞ്ഞ് 36 പേർ മരിച്ചു. നിരവധി പേർക്ക് പരിക്കേറ്റു. പരുക്കേറ്റവരെ കിഷ്ത്വാറിലെയും ദോഡയിലെയും സർക്കാർ ആശുപത്രികളിലേക്ക് മാറ്റി. രക്ഷാപ്രവർത്തനം പുരോഗമിക്കുകയാണ്. ബുധനാഴ്ച രാവിലെ ദോഡ ജില്ലയിലെ അസാർ മേഖലയിലാണ് അപകടമുണ്ടായത്.

ബത്തോട്ട്കിഷ്ത്വാർ ദേശീയ പാതയിൽ ട്രംഗൽഅസാറിന് സമീപമാണ് സംഭവം. റോഡിൽ നിന്ന് തെന്നിമാറിയ ബസ് 300 അടി താഴ്ചയിലേക്ക് മറിയുകയായിരുന്നുവെന്ന് അധികൃതർ അറിയിച്ചു. പരുക്കേറ്റവരെ മാറ്റാനായി ഹെലികോപ്റ്റർ സൗകര്യം ഏർപ്പെടുത്തിയതായി കേന്ദ്രമന്ത്രി ജിതേന്ദ്ര സിങ് പറഞ്ഞു.

ജമ്മു കശ്മീർ ലെഫ്റ്റനന്റ് ഗവർണർ മനോജ് സിൻഹ, എന്നിവരുൾപ്പെടെ അപകടത്തിൽ ദുഃഖം രേഖപ്പെടുത്തി.



# എ ഫോർ ആധാർ: ആദ്യജില്ലയായി വയനാട്

**മാനന്തവാടി:** ജില്ലയിലെ 5 വയസ്സിൽ താഴെ പ്രായപരിധിയിലുള്ള കുട്ടികളുടെ സമ്പൂർണ്ണ ആധാർ എന്റോൾമെന്റ് പൂർത്തിയാക്കിയ കേരളത്തിലെ ആദ്യ ജില്ലയായി വയനാട് മാറി. മെഗാ ക്യാമ്പുകൾ വഴിയും, ജില്ലയിലെ അക്ഷയ കേന്ദ്രങ്ങളിൽ നേരിട്ട് എത്തിയും അഞ്ച് വയസിനു താഴെ പ്രായമുള്ള 44487 കുട്ടികൾ ജില്ലയിൽ ആധാർ എന്റോൾമെന്റിൽ പങ്കാളികളായി. സുൽത്താൻ ബത്തേരി നഗരസഭയിൽ 2221 കുട്ടികളും മാനന്തവാടി നഗരസഭ 2352, കൽപ്പറ്റ നഗരസഭ 1629, അമ്പലവയൽ 1771, മൂപ്പൈനാട് 1776, മേപ്പാടി 1969, തിരുനെല്ലി 1304, മുട്ടിൽ 1857, കണിയാമ്പറ്റ 2210, നൂൽപ്പുഴ 1572, പൂതാടി 1852, തരിയോട് 571, വൈത്തിരി 993, മുള്ളങ്കൊല്ലി 1154, തവിഞ്ഞാൽ 2107, വെങ്ങപ്പള്ളി 609, നെന്മേനി 2660, വെള്ളമുണ്ട 2688, പൊഴുതന 732, പനമരം 2991, തൊണ്ടർനാട് 1712, എടവക 2086, കോട്ടത്തറ 968, മീനങ്ങാടി 1734, പടിഞ്ഞാറത്തറ 1599, പുൽപ്പള്ളി 1380 കുട്ടികളുടെ ആധാർ എന്റോൾമെന്റ് നടത്തി.

ജില്ലയിലെ 5 വയസിന് താഴെയുള്ള മുഴുവൻ കുട്ടികൾക്കും ആധാർ കാർഡ് ലഭ്യമാക്കുന്നത് ഉറപ്പുവരുത്തുന്നതിന് ജില്ലാ ഭരണകൂടം നടപ്പാക്കിയ പദ്ധതിയാണ് എ ഫോർ ആധാർ. രണ്ട് ഘട്ടങ്ങളിലായി അക്ഷയ കേന്ദ്രങ്ങൾ, ഇന്ത്യൻ പോസ്റ്റൽ ബാങ്കിംഗ് സർവ്വീസ്, ധനലക്ഷ്മി ബാങ്ക് എന്നിവയുടെ ആഭിമുഖ്യത്തിൽ വിവിധയിടങ്ങളിലായി ക്യാമ്പുകൾ നടത്തിയാണ് ആധാർ എന്റോൾമെന്റ് പൂർത്തീകരിച്ചത്. ആധാർ എന്റോൾമെന്റിന് ആവശ്യമായ രേഖയായ ജനന സർട്ടിഫിക്കറ്റ് ഇല്ലാത്തവർക്കും, ജനന സർട്ടിഫിക്കറ്റിൽ പേരു ചേർക്കുന്നതിനുമായി പഞ്ചായത്ത് തലത്തിൽ വിവിധ ദിവസങ്ങളിലായി ക്യാമ്പുകൾ സംഘടിപ്പിച്ചിരുന്നു.അക്ഷയ,വനിതാ ശിശു വികസന വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ് എന്നിവ വകുപ്പുകൾ, ഇന്ത്യൻ പോസ്റ്റൽ ബാങ്കിംഗ് സർവീസ്,ധനലക്ഷ്മി ബാങ്ക് എന്നിവരുടെ സഹകരണത്തോടെയാണ് ക്യാമ്പയിൽ നടപ്പിലാക്കിയത്. ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ വകുപ്പുതല ഉദ്യോഗസ്ഥരുടെ 20ലധികം വിശകലനയോഗങ്ങളും ഓരോഘട്ടത്തിലും ജില്ലയിലെ മുഴുവൻ ഐ.സി.ഡി.എസ് സൂപ്പർവൈസർമാരുടെ വിശകലന യോഗങ്ങളും, എസ് ടി പ്രമോട്ടർമാരുടെ യോഗവും ചേർന്നാണ് എ ഫോർ ആധാർ ക്യാമ്പെയിൻ പൂർത്തിയാക്കിയത് .

പൂതാടി അങ്കണവാടിയിൽ നടന്ന ചടങ്ങിൽ എ ഫോർ ആധാർ പൂർത്തീകരണ പ്രഖ്യാപന പോസ്റ്റർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സംഷാദ് മരക്കാർ പ്രകാശനം ചെയ്തു.എ ഫോർ ആധാർ പൂർത്തികരണ പ്രഖ്യാപന വീഡിയോ സ്വിച്ച് ഓൺ കർമ്മം ജില്ലാ കളക്ടർ ഡോ. രേണു രാജ് നിർവഹിച്ചു. ചടങ്ങിൽ പനമരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഗിരിജ കൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു.

എ.ഡി.എം എൻ.ഐ ഷാജു, പൂതാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മിനി പ്രകാശൻ, ജില്ലാ പഞ്ചായത്ത് വികസന സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ഉഷാതമ്പി, ചെയർപേഴ്സൺമാരായ ഐ ബി മൃണാളിനി,കെ.ജെ സണ്ണി, വാർഡ് മെമ്പർമാരായ ലൗലി സാജു, ഇമ്മാനുവൽ ലൗലി സാജു, ഇമ്മാനുവൽ, ജില്ലാ വനിതാ ശിശു വികസന ഓഫീസർ ജെ മോഹനദാസ്, വനിതാ ശിശു വികസന വകുപ്പ് സീനിയർ സൂപ്രണ്ട് വി.സി സത്യൻ, ഐ ടി മിഷൻ ജില്ലാ പ്രോജക്ട് മാനേജർ എസ്. നിവേദ്, ഐ.സി.ഡി എസ് സൂപ്പർവൈസർ ശരണ്യ എ രാജ്, ആശാവർക്കർമാർ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. ശിശുദിന റാലിയും അംഗനവാടിയിൽ നടത്തി.

# ചക്കുളത്ത് കാവ് പൊങ്കാല: ഒരുക്കങ്ങളായി



**ആലപ്പുഴ:** നവബംർ 27ന് നടക്കുന്ന ചക്കുളത്തുകാവ് ശ്രീഭഗവതി ക്ഷേത്രത്തിലെ പൊങ്കാല മഹോത്സവത്തോടനുബന്ധിച്ച് സർക്കാർ സംവിധാനങ്ങൾ കാര്യക്ഷമമായ നടപടികൾ സ്വീകരിക്കാൻ കളക്ടറേറ്റിൽ ചേർന്ന യോഗം തീരുമാനിച്ചു.

വിവിധ ഡിപ്പോകളിൽ നിന്നും പ്രത്യേക സർവ്വീസ് കാര്യക്ഷമമായി ഏർപ്പെടുത്തും. തിരുവല്ലാ ഡിപ്പോയിൽ നിന്നും നവംബർ 26,27 തീയതികളിൽ സ്പെഷ്യൽ ചെയിൻ സർവീസുകൾ നടത്തണം. എടത്വ ഡിപ്പോയിൽ നിന്നും ചക്കുളത്തുകാവ് വഴി ആലപ്പുഴ, മുട്ടാർ വഴി ചങ്ങനാശേരി, എടത്വ നെടുമുടി എന്നീ സ്പെഷ്യൽ സർവീസുകൾ നടത്തണം.ആലപ്പുഴയിൽ നിന്നും കിടങ്ങറ മുട്ടാർ വഴിയും ചമ്പക്കുളം വഴിയും പ്രത്യേകം ചക്കുളത്തുകാവിലേക്ക് സ്പെഷ്യൽ സർവ്വീസ് നടത്തണം.

നവംബർ 25 മുതൽ 27 വരെ ക്ഷേത്ര പരിസരത്തും സമീപ പ്രദേശങ്ങളിലും പൊങ്കാല അടുപ്പുകളുമായി ഇരിക്കുന്ന സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയും ട്രാഫിക്ക് നിയന്ത്രണവും, ക്രമസമാധാനവും പൊലീസ് ഉറപ്പാക്കണം.

നവംബർ 25 മുതൽ 27 വരെ പൊങ്കാല നിരക്കുന്ന പ്രദേശങ്ങളിൽ തടസ്സമില്ലാതെ വൈദ്യുതി ഉറപ്പാക്കാൻ കെ.എസ്.ഇ.ബി നടപടി എടുക്കും. എല്ലാ വഴിവിളക്കും പ്രവർത്തനക്ഷമമാക്കണം.

ക്ഷേത്രപരിസര പ്രദേശങ്ങളിലും തിരുവല്ലാഎടത്വ ലൈനിലും നവബർ 25 മുതൽ എല്ലാ സമയവും നല്ല ഫോഴ്സിൽ ശുദ്ധജലം ലഭ്യമാക്കണം. പൊതുതാൽപര്യം മുൻ നിർത്തി പറ്റുന്നവിധം സൗജന്യമായി താൽക്കാലിക ടാപ്പുകൾ സ്ഥാപിക്കണം.തിരുവല്ലയിൽ നിന്നും ടാങ്കുകളിൽ ശുദ്ധജലം നവംബർ 25 മുതൽ 27 വരെ തീയതികളിൽ നിറക്കുന്നതിനുള്ള ക്രമീകരണം ചെയ്യും. നവംബർ 26 പകലും രാത്രിയിലും തിരുവല്ലയിൽ നിന്നും ടാങ്കർ ലോറികളിൽ വെള്ളം നിറച്ചു കൊടുക്കുന്നതിന് പ്രത്യേകം ക്രമീകരണം ഏർപ്പെടുത്തി ജീവനക്കാരെ നിയോഗിക്കണം. നവംബർ 25 മുതൽ 27 വരെ കറ്റോട്ടു നിന്നുള്ള പമ്പിങ് തടസം ഇല്ലാതെ തുടർച്ചയായി ഓപ്പറേറ്റ് ചെയ്യണം.വീയപുരത്തുനിന്നു കുടി ശുദ്ധജലം ലഭ്യമാക്കണം. കഴിഞ്ഞ വർഷങ്ങളിലെ രണ്ട് ഫയർഫോഴ്സ് യൂണിറ്റുകളുടെ സേവനം ലഭ്യമാക്കണം. തലവടി, എടത്വ, മുട്ടാർ, തകഴി ഗ്രാമപഞ്ചായത്തുകൾ എല്ലാ വഴി വിളക്കുകളും പ്രവർത്തനക്ഷമമാക്കണം. ഫോഗിങ്ങിനുള്ള ക്രമീകരണം ചെയ്യണം. എക്സൈസ് വ്യാജമദ്യം തടയുന്നതിനുള്ള കർശന നടപടികൾ സ്വീകരിക്കണം. നവംബർ 26,27 തീയതികളിൽ ക്ഷേത്ര പരിസരത്ത് അത്യാവശ്യ മരുന്നുകൾ ഉൾപ്പടെ രണ്ട് ഡോക്ടർമാരുടെ ഫുൾടൈം സേവനം ലഭ്യമാകുന്ന താൽക്കാലിക ക്ലിനിക് പ്രവർത്തിപ്പിക്കുന്ന കാര്യം ആരോഗ്യ വകുപ്പ് പരിഗണിക്കണം.

# ഏകാംഗ ചിത്രകലാ പ്രദർശനങ്ങൾ

**കൊച്ചി:** കേരള ലളിതകലാ അക്കാദമി അവതരിപ്പിക്കുന്ന വിശ്വതി ചെമ്മന്തട്ടയുടെ ഭൂമിയുടെ അവകാശികൾ, ധന്യ എം.സി.യുടെ ട്രാൻസ്ലൂസെന്റ് ഫ്ളേക്സ് എന്നീ ഏകാംഗ കലാപ്രദർശനങ്ങൾ 2023 നവംബർ 16ന് അക്കാദമിയുടെ കോഴിക്കോട് എ.ബി ആർട്ട് ഗ്യാലറിയിൽ ആരംഭിക്കുന്നു.

കേരള ലളിതകലാ അക്കാദമിയുടെ 202223ലെ സമകാലിക ഏകാംഗ ചിത്രപ്രദർശന പദ്ധതിയുടെ ഭാഗമായാണ് പ്രദർശനങ്ങൾ സംഘടിപ്പിച്ചിട്ടുള്ളത്. പ്രദർശനങ്ങളുടെ ഉദ്ഘാടനം നവംബർ 16ന് വൈകുന്നേരം 5 മണിക്ക് അക്കാദമി സെക്രട്ടറി എൻ. ബാലമുരളീകൃഷ്ണൻ നിർവ്വഹിക്കും. ചടങ്ങിൽ കേരള ലളിതകലാ അക്കാദമി നിർവ്വാഹകസമിതി അംഗം സുനിൽ അശോകപുരം, കലാകാരരായ കബിത മുഖോപാധ്യായ, ദയാനന്ദൻ, ഷമീം സീഗൾ, സജിത്ത് പുതുക്കലവട്ടം, പ്രകാശൻ കെ.എസ്., ജഗേഷ് എടക്കാട്, കലാനിരൂപകരായ സുധീഷ് കോട്ടേമ്പ്രം, പാവേൽ, ബിപിൻ ബാലചന്ദ്രൻ, കവയത്രി ചിത്തിര കുസുമൻ എന്നിവർ സന്നിഹിതരായിരിക്കും.

വിശ്വതിയുടെ ഭൂമിയുടെ അവകാശികൾ എന്ന പ്രദർശനത്തിൽ ഹൈദരാബാദ് സർവ്വകലാശാല യിലെ ബിരുദാനന്തര ബിരുദ കാലഘട്ടത്തിനുശേഷം രചിച്ച ചിത്രങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. നിരവധി ചിത്ര പ്രദർശനങ്ങളിലൂടെ ഇതിനകം തന്നെ ശ്രദ്ധിക്കപ്പെട്ട വിശ്വതി തന്റെ ഏറ്റവും പുതിയ ചിത്രങ്ങളിലൂടെ സസ്യങ്ങളും ജന്തുജാലങ്ങളും നിറഞ്ഞ ഒരു ലോകത്തിലെ സഹവർത്തിത്വത്തിന്റെയും ഒപ്പം നിലനിൽപ്പിനായുള്ള കിടമത്സരങ്ങളുടേയും സസൂക്ഷ്മമായ ആഖ്യാനമാണ് നിർവ്വഹിക്കുന്നത്. ഇന്ത്യൻ മിനിയേച്ചർ ചിത്ര പാരമ്പര്യത്തിൽ നിന്ന് പ്രചോദനം സ്വീകരിക്കുന്ന ഈ ചിത്രകാരി ജലച്ചായത്തിലാണ് ചിത്രങ്ങൾ രചിച്ചിരിക്കുന്നത്. കലാചരിത്രകാരൻ ബിപിൻ ബാലചന്ദ്രനാണ് പ്രദർശനം ക്യൂറേറ്റ് ചെയ്യുന്നത്.മനുഷ്യവംശത്തിന്റെ പ്രവർത്തനങ്ങൾ ഭൂമിയുടെ ആവാസവ്യവസ്ഥയെയും കാലാവസ്ഥയെയും സാരമായി ബാധിക്കാൻ തുടങ്ങിയ കാലഘട്ടത്തിൽ ജീവിക്കുന്ന ഒരു വ്യക്തി എന്ന നിലയിൽ, ധന്യയുടെ ചിത്രങ്ങൾ തന്റെ ചുറ്റുപാടുകളിലേക്ക് തുറന്നുവച്ച ജനാലകളാണ്.

എന്നാൽ അവ കേവല ഭൂപ്രതിനിധാനങ്ങൾ അല്ല. മറിച്ച്, താൻ കൂടെ ഭാഗമായ ഈ പ്രകൃതിയിൽ, വംശനാശ ഭീഷണിയും മനുഷ്യന്റെ അവഗണനയും നേരിടുന്ന ജീവജാലങ്ങളെ കുറിച്ചുള്ള ആശങ്കകളും അന്വേഷണങ്ങളുമാണ് ഈ ചിത്രങ്ങൾ. സഹജീവനം എന്ന മഹത്തായ ആശയത്തിന്റെ പ്രതിഫലനങ്ങളാണ്. പാവേലാണ് പ്രദർശനം ക്യൂറേറ്റ് ചെയ്യുന്നത്.പ്രദർശനം 2023 നവംബർ 25ന് സമാപിക്കും. പ്രദർശനസമയം രാവിലെ 11 മണി മുതൽവൈകുന്നേരം 7 വരെയാണ്.

# കിള്ളിയാറിന്റെ തീരത്ത് ബയോപാർക്കൊരുങ്ങുന്നു

**തിരുവനന്തപുരം:** നേമത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കിയുള്ള പദ്ധതികൾ തുടരുമെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി.ശിവൻകുട്ടി പറഞ്ഞു. കിള്ളിനദിയുടെ പുനരുജ്ജീവനവും ബയോപാർക്കിന്റെ നിർമാണ ഉദ്ഘാടനവും നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ശാന്തിവിളയിൽ സ്ഥിതി ചെയ്യുന്ന നേമം താലൂക്ക് ആശുപത്രിക്ക് ആധുനിക സൗകര്യങ്ങളോടെ പുതിയ രണ്ട് ബ്ലോക്കുകൾ നിർമ്മിക്കുന്നതിന് 30 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ ജനുവരിയോട് കൂടി ആരംഭിക്കാൻ സാധിക്കുമെന്നും മന്ത്രി പറഞ്ഞു.

മധുപാലത്ത് പുതിയ പാലം നിർമിക്കുന്നതിന് പതിമൂന്ന് കോടിയുടെയും കല്ലടിമുഖം പാലം നിർമാണത്തിന് 10.32 കോടിയുടെയും ഭരണാനുമതി ലഭിച്ചു. മുടവൻമുഗൾ പാലം 13 .6 കോടി രൂപ ചെലവിൽ നിർമിക്കുന്നതിനായുള്ള സ്ഥലമേറ്റെടുത്ത് ടെൻഡർ നടപടികൾ പൂർത്തീകരിച്ചു. പള്ളത്തുക്കടവ് പാലത്തിന്റെ സ്ഥലമേറ്റെടുക്കൽ മാർച്ച് മാസത്തിന് മുമ്പ് പൂർത്തിയാക്കുമെന്നും മന്ത്രി വ്യക്തമാക്കി.

നേമം നിയോജക മണ്ഡലത്തിൽ കിള്ളിയാറും കരമനയാറും സംയോജിക്കുന്ന തിരുവനന്തപുരം കോർപറേഷനിലുൾപ്പെട്ട പള്ളത്തുക്കടവ് പ്രദേശത്ത് ലുലു ഗ്രൂപ്പിന്റെ സി.എസ്.ആർ ഫണ്ടുപയോഗിച്ചാണ് ബയോ പാർക്കും നദീതീര പാതയും നിർമിക്കുന്നത്. കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ മേൽനോട്ടത്തിൽ ജലസേചന വകുപ്പാണ് നിർമാണം നടത്തുന്നത്. പദ്ധതിയുടെ ആകെ ചെലവ് രണ്ടുകോടിയാണ്.

രണ്ടു ഘട്ടമായാണ് പദ്ധതി നടപ്പിലാക്കുന്നത്. ആദ്യ ഘട്ടത്തിൽ ഒരു കോടി രൂപ ചെലവിട്ട് ഏകദേശം 80 മീറ്റർ ദൂരം റിവർ ഫ്രണ്ട് നടപ്പാതയും നദി സംരക്ഷണ ഭിത്തിയും കടവിന്റെ പുനരുദ്ധാരണവും ബോട്ട് യാർഡും നിർമിക്കും. രണ്ടാം ഘട്ടത്തിൽ കുട്ടികളുടെ കളിസ്ഥലവും ഓപ്പൺ ജിം ഉൾപ്പെടെയുള്ള സൗകര്യങ്ങളോടെയുള്ള ബയോ പാർക്കും നിർമിക്കാനാണ് പദ്ധതി.

ചടങ്ങിൽ ആറ്റുകാൽ വാർഡ് കൗൺസിലർ ആർ. ഉണ്ണികൃഷ്ണൻ , കേരള ശാസ്ത്ര സാകേതിക വകുപ്പ് എക്സ് ഒഫിഷ്യോ സെക്രട്ടറി ഡോ.കെ.പി.സുധീർ , വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ എന്നിവരും പങ്കെടുത്തു.

# കളമശ്ശേരി ഗവ.ഐ.ടി.ഐയിൽ ഗസ്റ്റ് ഇൻസ്ട്രക്ടർ ഒഴിവ്

**കൊച്ചി:** കളമശ്ശേരി ഗവ.ഐ.ടി.ഐ. ക്യാംപസിൽ പ്രവർത്തിച്ചു വരുന്ന വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിലുള്ള ഗവ.അഡ്വാൻസ്ഡ് വൊക്കേഷണൽ ട്രെയിനിംഗ് സിസ്റ്റം (ഗവ.എ.വി.ടി.എസ്) എന്ന സ്ഥാപനത്തിൽ ടൂൾ ആന്റ് ഡൈ മേക്കിംഗ് സെക്ഷനിലേക്ക് ഗസ്റ്റ് ഇൻസ്ട്രക്ടറുടെ ഓപ്പൺ വിഭാഗത്തിൽ താത്കാലിക ഒഴിവുണ്ട്. മണിക്കൂറിന് 240 രൂപാ നിരക്കിൽ പരമാവധി 24,000 രൂപ പ്രതിമാസ വേതനം ലഭിക്കും.

യോഗ്യത മെക്കാനിക്കൽ എഞ്ചിനീയറിംഗിൽ ഡിഗ്രിയും പ്രസ്തുത മേഖലയിൽ ഒരു വർഷം പ്രവൃത്തി പരിചയവും അല്ലെങ്കിൽ മെക്കാനിക്കൽ എഞ്ചിനീയറിംഗിൽ ഡിപ്ലോമയും പ്രസ്തുത മേഖലയിൽ രണ്ടു വർഷം പ്രവൃത്തിപരിചയവും അല്ലെങ്കിൽ ടൂൾ ആന്റ് ഡൈ മേക്കിംഗിൽ എ9ടിസി/എ9എസിയും പ്രസ്തുത മേഖലയിൽ മൂന്ന് വർഷം പ്രവർത്തന പരിചയവും ആണ് യോഗ്യത. യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ നവംബർ 18 ന് രാവിലെ 10.30 ന് എ.വി.ടി.എസ്. പ്രിൻസിപ്പാൾ മുമ്പാകെ ഹാജരാകണം. ഫോൺ നമ്പർ 8089789828, 04842557275.

# പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** സംസ്ഥാനത്തെ ഒ.ഇ.സി./ഒ.ബി.സി.(എച്ച്) വിഭാഗത്തിൽപ്പെട്ട കേരളത്തിന് പുറത്തെ ദേശീയ പ്രാധാന്യമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലോ, അഖിലേന്ത്യാടിസ്ഥാനത്തിൽ നടത്തുന്ന തിരഞ്ഞെടുപ്പ് രീതി പ്രകാരം ഐ.ഐ.ടി.. ഐ.ഐ.എം., ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് തുടങ്ങിയ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലോ മെറിറ്റ്/റിസർവേഷൻ പ്രകാരം പ്രവേശനം ലഭിച്ച ബിരുദ/ബിരുദാനന്തര കോഴ്സുകൾക്ക് പഠിക്കുന്നതുമായ വിദ്യാർത്ഥികൾക്ക് ഒ.ഇ.സി. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് നൽകുന്നതിനായി പിന്നാക്ക വിഭാഗ വികസന വകുപ്പ് അപേക്ഷ ക്ഷണിച്ചു.

അപേക്ഷ www.egratnz.kerala.gov.in എന്ന വെബ് സൈറ്റ് മുഖേന ഓൺലൈൻ വഴി ആണ് സമർപ്പിക്കേണ്ടത്. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തിയ്യതി ഡിസംബർ 15. അപേക്ഷ സംബന്ധിച്ച വിശദാംശങ്ങൾ www.bcdd.kerala.gov.in, www.egratnz.kerala.gov.in എന്നീ വെബ് സൈറ്റുകളിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് എറണാകുളം മേഖലാ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്. ഫോൺ: 0484 2983130 ഇ മെയിൽ : ekmbcdd@gmail.com.

# പുനരധിവാസ വിദഗ്ധരെ നിയമിക്കുന്നു

**കൊല്ലം:** ഭൂമി ഏറ്റെടുക്കുന്നതിന്റെ പ്രാരംഭ നടപടിയായി സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിന് കൊല്ലം ജില്ലയിൽ പുനരധിവാസ വിദഗ്ധരെ നിയമിക്കുന്നു. പുനരധിവാസ പ്രവർത്തനങ്ങളിൽ വിദഗ്ധരായ പരിചയസമ്പന്നരായ സോഷ്യോളജി പ്രൊഫസർമാർക്ക് അപേക്ഷിക്കാം.

താല്പര്യമുള്ളവർ യോഗ്യത, പ്രവർത്തി പരിചയം എന്നിവ തെളിയിക്കുന്ന രേഖകൾ സഹിതം വെള്ള കടലാസിൽ തയ്യാറാക്കിയ അപേക്ഷ നവംബർ 25ന് മുൻപായി കളക്ടർക്ക് മുൻപാകെ സമർപ്പിക്കേണ്ടതാണ്. അപേക്ഷകർ കവറിന് പുറത്ത് ഭൂമി ഏറ്റെടുക്കൽ സാമൂഹ്യ പ്രത്യാഘാത പഠനം പുനരധിവാസ വിദഗ്ധരെ തിരഞ്ഞെടുക്കുന്നതിനുള്ള അപേക്ഷ എന്ന് രേഖപ്പെടുത്തിയിരിക്കണം.

# ഭവൻസ് കലോത്സവം രജതധ്വനി നവംബർ 18ന്

**കൊച്ചി:** 25 ാമത് അഖില കേരള ഭവൻസ് കലോത്സവം (കാറ്റഗറി 5)രജതധ്വനിക്ക് നവംബർ 18ന് തിരി തെളിയും. ഭാരതീയ വിദ്യാഭവൻ കൊച്ചികേന്ദ്ര ആതിഥ്യമരുളുന്ന കലോത്സവത്തിന് എരൂർ ഭവൻസ് വിദ്യാമന്ദിറാണ് വേദിയാവുന്നത്.

സംഗീതസംവിധായകനും ഗായകനുമായ ബിജിബാൽ മണിയിൽ കലോത്സവം ഉദ്ഘാടനം ചെയ്യും. ഭാരതീയ വിദ്യാഭവന് കീഴിൽ കേരളത്തിലുള്ള വിദ്യാലയങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾ കലോത്സവത്തിൽ പങ്കെടുക്കും . ഹയർസെക്കൻഡറി വിഭാഗത്തിലെ വിദ്യാർത്ഥികൾക്കായി 23 ഇനങ്ങളിലാണ് മത്സരങ്ങൾ നടത്തുന്നത്.

ഉദ്ഘാടന സമ്മേളനത്തിന് ഭാരതീയ വിദ്യാഭവൻ കൊച്ചി കേന്ദ്ര ചെയർമാൻ സി. എ വേണുഗോപാൽ സി ഗോവിന്ദ് അധ്യക്ഷത നിർവഹിക്കും. കൊച്ചി കേന്ദ്ര ഡയറക്ടർ ഇ.രാമൻകുട്ടി ആമുഖപ്രസംഗം നടത്തും.




# കൊച്ചിൻ ഡ്യൂട്ടി ഫ്രീയിൽ ഗ്രേറ്റ് വിന്റർ ഷോപ്പിംഗ് ഫെസ്റ്റിവൽ

**കൊച്ചി:** കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ടിലെ (സിയാൽ) പ്രീമിയം ഷോപ്പിംഗ് ഡെസ്റ്റിനേഷനായ കൊച്ചിൻ ഡ്യൂട്ടി ഫ്രീയിൽ മൂന്ന് മാസം നീളുന്ന ഗ്രേറ്റ് വിന്റർ ഷോപ്പിങ് ഫെസ്റ്റിവലിന് തുടക്കമായി. 2024 ജനുവരി വരെ 6500 രൂപയ്ക്കു മുകളിൽ പർച്ചേസ് ചെയ്യുന്നവരിൽ നിന്ന് തിരഞ്ഞെടുക്കുന്ന ഭാഗ്യശാലികൾക്ക് വിവിധങ്ങളായ സമ്മാനങ്ങളാണ് ഈ ഷോപ്പിങ് ഉത്സവത്തിന്റെ ഭാഗമായി ഒരുക്കിയിരിക്കുന്നത്. ബമ്പർ സമ്മാനം 25 പവൻ സ്വർണമാണ്.

കൂടാതെ പ്രതിവാര നറുക്കെടുപ്പിലൂടെ രണ്ടു ഭാഗ്യ ശാലികൾക്ക് ഓരോ പവൻ സ്വർണ നാണയങ്ങളും സമ്മാനമായി ലഭിക്കും. കൊച്ചിൻ ഡ്യൂട്ടി ഫ്രീ ഉപഭോക്താക്കൾക്കായി ആകെ 51 പവൻ സ്വർണമാണ് സമ്മാനമായി നൽകുന്നത്. ഫെസ്റ്റിവൽ സീസണിൽ ലോകോത്തര ഉൽപ്പന്നങ്ങളുടെ വിപുലമായ ശേഖരമാണ് കൊച്ചിൻ ഡ്യൂട്ടി ഫ്രീ ഒരുക്കിയിരിക്കുന്നത്. സിയാൽ വഴി കടന്നു പോകുന്ന രാജ്യാന്തര യാത്രക്കാർക്കാർക്ക് വൈവിധ്യമാർന്ന പ്രീമിയം പെർഫ്യൂം, മിഠായികൾ, ബെവറിജസ്, ഫാഷൻ ഉൽപ്പന്നങ്ങൾ എന്നിവമിതമായ നിരക്കിൽ വാങ്ങാവുന്നതാണ്.

ആഘോഷങ്ങളുടെ ഭാഗമായി, കൊച്ചിൻ ഡ്യൂട്ടി ഫ്രീ ഫെഡറൽ ബാങ്കുമായി സഹകരിച്ച് ഉപഭോക്താക്കൾക്കായി സവിശേഷ ഇളവുകളും നൽകുന്നുണ്ട്. ഫെഡറൽ ബാങ്ക് കാർഡുകൾ ഉപയോഗിച്ച് പർച്ചേസ് ചെയ്യുന്നവർക്ക് 10 ശതമാനം ഇളവ് ലഭിക്കും.

# ചിപ്പ് സമ്മിറ്റ് 2023 : സങ്കീർണ്ണ ആൻജിയോപ്ലാസ്റ്റി അന്താരാഷ്ട്ര സമ്മേളനം

**കൊച്ചി :** സങ്കീർണ്ണ ഹൃദ്രോഗങ്ങൾക്കുള്ള ആൻജിയോപ്ലാസ്റ്റി ശസ്ത്രക്രിയകൾ ചർച്ച ചെയ്യുന്ന മൂന്നാമത് അന്താരാഷ്ട്ര ചിപ്പ് സമ്മേളനം നവംബർ 17 മുതൽ 19 വരെ കൊച്ചിയിലെ ക്രൗൺ പ്ലാസയിൽ നടക്കും. സിൻസിറ്റിയം ഹാർട്ട് കെയർ ആൻഡ് റിസർച്ച് ഫൗണ്ടേഷനാണ് സമ്മേളനത്തിന് ആതിഥേയത്വം വഹിക്കുന്നത്. രാജ്യത്തെ ഇരുന്നൂറിലധികം വിദഗ്ദ്ധ കാർഡിയോളജിസ്റ്റുകൾ പങ്കെടുക്കും. ജർമ്മനി, ഫ്രാൻസ്, ജപ്പാൻ, യുണൈറ്റഡ് സ്റ്റേറ്റ്സ്, കാനഡ, ന്യൂസിലാൻഡ്, യുഎഇ എന്നിവയുൾപ്പെടെ ഒമ്പത് രാജ്യങ്ങളിൽ നിന്നുള്ള വിദഗ്ദ്ധർ ശാസ്ത്ര സെഷനുകൾക്ക് നേതൃത്വം നൽകും.

ഓർഗനൈസിങ് ചെയർമാൻ ഡോ. അനിൽ കുമാർ ആർ, ഓർഗനൈസിങ്ങ് സെക്രട്ടറി ഡോ. സന്ദീപ്. ആർ, ഡോ. രാജശേഖർ വർമ്മ, ഡോ. ദീപക് ഡേവിഡ്സൺ, ഡോ. ജിമ്മി ജോർജ്ജ്, ഡോ. അനിൽ ബാലചന്ദ്രൻ എന്നിവർ ഉദ്ഘാടന ചടങ്ങിൽ സംസാരിക്കും.ന്യൂയോർക്കിൽ നിന്ന് ആൻജിയോപ്ലാസ്റ്റിയുടെ തത്സമയ സംപ്രേക്ഷണം, മോഡലുകൾ ഉപയോഗിച്ച് ആൻജിയോപ്ലാസ്റ്റി സിമുലേഷൻ സെഷനുകൾ, ചിപ്പ് ആൻജിയോപ്ലാസ്റ്റിയെക്കുറിച്ചുള്ള സമഗ്രമായ അധ്യാപനം എന്നിവ കോൺഫറൻസിൽ അവതരിപ്പിക്കും. നടപടിക്രമങ്ങളിലെ സങ്കീർണതകളും സമ്മേളനം ചർച്ച ചെയ്യും.

കീറിമുറിക്കലുകൾ ഇല്ലാതെ താക്കോൽ ദ്വാരം വഴി ഹൃദയ പേശികളിലെ രക്ത കുഴലുകൾ പൂർണ്ണമായും അടഞ്ഞുണ്ടാകുന്ന ബ്ലോക്കുകൾ, രക്തകുഴലുകൾ ശാഖയായി പിരിയുന്നിടത്തെ ബ്ലോക്കുകൾ എന്നിവ നീക്കം ചെയ്യുന്നതും, കഠിനമായ കാൽസിഫൈഡ് ബ്ലോക്കുകൾ പൊടിച്ച് കളയുന്ന സാങ്കേതിക വിദ്യകളും, ലേസർ ആൻജിയോപ്ലാസ്റ്റിയും, രക്തകുഴലുകളുടെ തടസ്സമുള്ള ഭാഗങ്ങളുടെ ആന്തരിക ചിത്രീകരണവും സംബന്ധിച്ച് പ്രത്യേക ശാസ്ത്ര സെഷനുകൾ സമ്മേളനത്തിൽ നടക്കും. സങ്കീർണ്ണമായ ആൻജിയോപ്ലാസ്റ്റിയിൽ കൃത്യതയും നൈപുണ്യം വർദ്ധിപിക്കാനും, അറിവു പങ്കിടാനും, അതിനൂതന സാങ്കേതിക വിദ്യകൾ ചർച്ച ചെയ്യാനും ലക്ഷ്യമിട്ടാണ് ഈ ശാസ്ത്ര വിരുന്നെന്ന് ആസ്റ്റർ കാർഡിയാക് സയൻസസിലെ ലീഡ് കൺസൾട്ടന്റും ഓർഗനൈസിംഗ് ചെയർമാനുമായ ഡോ. അനിൽ കുമാർ പറഞ്ഞു.

# പശ്ചിമ കൊച്ചിയിലെ രണ്ടു ഭവന സമുച്ചയങ്ങൾ ഫെബ്രുവരിയിൽ പൂർത്തീകരിക്കും

**കൊച്ചി:** പശ്ചിമ കൊച്ചിയിലെ രണ്ടു ഭവന സമുച്ചയങ്ങൾ ഫെബ്രുവരിയിൽ പൂർത്തീകരിക്കാൻ മേയറുടെ നേതൃത്വത്തിൽ നടത്തിയ കൊച്ചി തുരുത്തിയിലെ ഫ് ളാറ്റ് സമുച്ചയങ്ങളുടെ അവലോകന യോഗത്തിൽ കൊച്ചി മേയർ അഡ്വ.എം അനിൽകുമാർ നിർദ്ദേശം നൽകി.

കൊച്ചി എം.എൽ.എ കെ.ജെ മാക്സി, ഹെൽത്ത് ചെയർമാൻ ടി.കെ. അഷറഫ്, നഗരസഭ, സിഎസ്എംഎൽ ഉദ്യോഗസ്ഥർ, കോൺട്രാക്ടർമാർ എന്നിവർ പങ്കെടുത്തു. സി.എസ്.എം.എൽ ൻറെ നേതൃത്വത്തിൽ നിർമ്മാണം പൂർത്തീകരിച്ചു കൊണ്ടിരിക്കുന്ന 14 നിലകളുള്ള ഭവന സമുച്ചയം തീരദേശ പരിപാലന വകുപ്പിൻറെ അനുമതി വൈകിയതിനാൽ പണികൾ തുടങ്ങാൻ കാലതാമസം നേരിട്ടിരുന്നു. കരാർ പ്രകാരം പദ്ധതി നിർവ്വഹണം പൂർത്തിയാക്കേണ്ട സമയം മാർച്ച് വരെ നീട്ടണമെന്ന് അവലോകന യോഗത്തിൽ കരാറുകാർ ആവശ്യപ്പെട്ടു. ഫെബ്രുവരിയിൽ പദ്ധതി പൂർത്തീകരിക്കണം എന്ന് തീരുമാനിച്ചു. കൊച്ചിൻ സ്മാർട്ട് ലിമിറ്റഡിൻറെ നേതൃത്വത്തിൽ രണ്ടാം ഡിവിഷനിൽ 14 നിലകളിലായി (ജി + 13) 195 കുടുംബങ്ങളെ പാർപ്പിക്കുന്ന ഫ്ലാറ്റ് സമുച്ചയമാണ് തയ്യാറായിക്കൊണ്ടിരിക്കുന്നത്. 44 കോടി രൂപയാണ് പദ്ധതി നിർവഹണ തുക. ഓരോ നിലയിലും 15 ഫ്ളാറ്റുകൾ ഉണ്ട്. 328 സ്ക്വയർ ഫീറ്റ് ആണ് ഒരു ഫ് ളാറ്റിന്റെ വിസ്തീർണ്ണം. രാജീവ് ആവാസ് യോജനയുടെ ഭാഗമായി 18.24 കോടി രൂപയും കൊച്ചിൻ സ്മാർട്ട് മിഷൻ ലിമിറ്റഡിൻറെ സാമ്പത്തിക സഹായമായ 21 കോടി രൂപയും ചേർത്ത് 39.2 കോടി രൂപ ചിലവിട്ട് 12(ജി+11) നിലകളിലായി 199 കുടുംബങ്ങൾക്കുള്ള ഫ്ളാറ്റ് സമുച്ചയം നഗരസഭയുടെ നേതൃത്വത്തിൽ നിർമ്മിക്കുന്നു. 300 സ്ക്വയർ ഫീറ്റാണ് ഒരു ഫ്ളാറ്റിൻറെ വിസ്തീർണ്ണം. പശ്ചിമ കൊച്ചിയിലെ ജനങ്ങളുടെ സ്വപ്ന സാക്ഷാത്കാരമാണ് ഈ രണ്ടു പദ്ധതിയിലൂടെ നിറവേറാൻ പോകുന്നത്. രണ്ട് ഫ്ളാറ്റുകളിൽ പണി തീർത്ത സ്റ്റുഡിയോ അപ്പാർട്ട്മെൻറിൽ പരിശോധന നടത്തി. ഇതേ മാതൃകയിലാണ് 394 കുടുംബങ്ങൾക്ക് വീട് നിർമ്മിച്ച് കൈമാറാൻ ഒരുങ്ങുന്നത്.




ഡോ.പി.ബി. ജയഗോപാൽ, ഡോ. അഷ്റഫ് എസ്.എം

## കാർഡിയോളജിക്കൽ സൊസൈറ്റി ഓഫ് ഇന്ത്യ കേരള ചാപ്റ്റർ: ഡോ.പി.ബി. ജയഗോപാൽ പ്രസിഡൻറ്; ഡോ. അഷ്റഫ് എസ്.എം സെക്രട്ടറി

**കൊച്ചി :** കാർഡിയോളജിക്കൽ സൊസൈറ്റി ഓഫ് ഇന്ത്യ കേരള ചാപ്റ്റർ പുതിയ പ്രസിഡൻറായി ഡോ.പി.ബി. ജയഗോപാലിനെയും സെക്രട്ടറിയായി ഡോ. അഷ്റഫ് എസ്.എം നെയും തിരഞ്ഞെടുത്തു.പാലക്കാട് ലക്ഷ്മി ഹോസ്പിറ്റൽ കാർഡിയോളജി വിഭാഗം തലവനാണ് ഡോ. പി.ബി ജയഗോപാൽ. കണ്ണൂർ പരിയാരം ഗവ. മെഡിക്കൽ കോളേജിൽ കാർഡിയോളജി വിഭാഗം തലവനും പ്രഫസറുമാണ് ഡോ അഷ്റഫ്. എസ്.എം.

## പുരുഷന്മാർക്ക് മാത്രമായി പ്രത്യേക ഓഫറുകളുമായി വണ്ടർല

**കൊച്ചി:** പുരുഷന്മാർക്ക് മാത്രമായി പ്രത്യേക ഓഫറുകളൊരുക്കി വണ്ടർല. പുരുഷദിനമായ നവംബർ 19ന് 1 + 1 എന്ന ഓഫറിൽ പുരുഷന്മാർക്ക് പാർക്കിൽ പ്രവേശിക്കാനാകും. ടിക്കറ്റുകൾ വണ്ടർല ടിക്കറ്റിംഗ് പ്ലാറ്റ്ഫോം വഴി ഓൺലൈനായി ബുക്ക് ചെയ്യണമെന്നും അധികൃതർ പറഞ്ഞു.

കൂടാതെ, അന്നേദിവസം വണ്ടർല എൻട്രി പോയിന്റിൽ നടക്കുന്ന പ്രത്യേക മത്സരങ്ങളിൽ പങ്കെടുത്ത് പുരുഷന്മാർക്ക് സൗജന്യ ടിക്കറ്റുകൾ നേടാനും കഴിയും. ആകർഷക പ്രകടനം നടത്തുന്ന ആദ്യത്തെ 100 പേർക്ക്കാണ് സൗജന്യ ടിക്കറ്റുകൾ ലഭിക്കുക.ഓരോരുത്തരുടെയും ജീവിതത്തിൽ ഗണ്യമായ സംഭാവന നൽകുന്ന പുരുഷന്മാരെ അഭിനന്ദിക്കേണ്ടത് ഏറെ പ്രസക്തമാണെന്ന് വണ്ടർലാ ഹോളിഡേയ്സിന്റെ മാനേജിംഗ് ഡയറക്ടർ അരുൺ കെ ചിറ്റിലപ്പിള്ളി പറഞ്ഞു.https://bookings.wonderla.com/ എന്ന ഓൺലൈൻ പോർട്ടലിലൂടെ എൻട്രി ടിക്കറ്റുകൾ മുൻകൂട്ടി ബുക്ക് ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് 04843514001, +91 7593853107 എന്നീ നമ്പറുകളിൽ ബന്ധപ്പെടാം.

## യുപിഐ ലൈറ്റ് സേവനവുമായി ഫെഡറൽ ബാങ്ക്

**കൊച്ചി:** ചെറിയ തുകകളുടെ ഇടപാട് അനായാസം സാധ്യമാക്കുന്ന യുപിഐ ലൈറ്റ് ഡിജിറ്റൽ പേമെന്റ് സംവിധാനം ഫെഡറൽ ബാങ്ക് അവതരിപ്പിച്ചു. ഫെഡറൽ ബാങ്ക് അക്കൗണ്ടുമായി ബന്ധിപ്പിച്ച യുപിഐ ആപ്പുകളിൽ ഇടപാടുകാർക്ക് ഈ സേവനം ഉപയോഗിക്കാം. ചെറിയ ഇടപാടുകൾ ലളിതവും വേഗത്തിലുമാക്കാനായി എൻസിപിഐ ഈയിടെ അവതരിപ്പിച്ച പുതിയ സേവനമാണ് യുപിഐ ലൈറ്റ്. നിലവിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന യുപിഐ ആപ്പുകൾ മുഖേന തന്നെ ലളിതമായി യുപിഐ ലൈറ്റ് ഉപയോഗിക്കാവുന്നതാണ്. കൂടുതൽ കാര്യക്ഷമവും സുരക്ഷിതവും ചെലവ് കുറഞ്ഞതുമായ ഇടപാടുകൾ യുപിഐ ലൈറ്റ് സാധ്യമാക്കുന്നുവെന്ന് ഫെഡറൽ ബാങ്ക് എക്സിക്യൂട്ടീവ് ഡയറക്ടർ ശാലിനി വാര്യർ പറഞ്ഞു.

ഇന്ത്യയുടെ ഡിജിറ്റൽ വിപ്ലവത്തിന്റെ കേന്ദ്രമാണ് യു പി ഐ. കൂടുതൽ വേഗത്തിലും സുരക്ഷിതമായും ഇടപാടുകൾ നടത്താനുള്ള സംവിധാനമാണ് യുപിഐ ലൈറ്റ് ഒരുക്കുന്നത്. ഇടപാടുകാർക്ക് ഡിജിറ്റൽ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിൽ എന്നും മുൻപന്തിയിലാണെന്നും ശാലിനി വാര്യർ പറഞ്ഞു.

നിലവിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന യുപിഐ ആപ്പിൽ തന്നെ യുപിഐ ലൈറ്റ് സംവിധാനം ഉപയോഗിക്കാം. പിൻ ഉപയോഗിക്കാതെ പരമാവധി 500 രൂപ വരെ ഒരിടപാടിൽ അയക്കാവുന്നതാണ്. ഒരു ദിവസം പരമാവധി 4000 രൂപയുടെ ഇടപാട് നടത്താം. യുപിഐ ലൈറ്റിൽ സൂക്ഷിക്കാവുന്ന പരമാവധി തുക 2000 രൂപയായി നിജപ്പെടുത്തിയിരിക്കുന്നു. തുക തീരുന്ന മുറയ്ക്ക് ബാങ്ക് അക്കൗണ്ടിൽ നിന്ന് യുപിഐ ലൈറ്റിലേയ്ക്ക് തുക മാറ്റാവുന്നതാണ്. മറ്റിടപാടുകളെക്കാൾ ഏകദേശം ഇരട്ടി വേഗത്തിലാണ് യുപിഐ ലൈറ്റ് ഇടപാടുകൾ നടക്കുകയെന്നും ശാലിനി വാര്യർ പറഞ്ഞു.

# ആരോഗ്യകരമായ സമ്മാന ആശയങ്ങളുമായി ഷീല കൃഷ്ണസ്വാമി



**കൊച്ചി:** ഉത്സവസീസണുമായി ബന്ധപ്പെട്ട് സുഹൃത്തുക്കൾക്കും അതിഥികൾക്കും നൽകാവുന്ന ഏറ്റവും ആരോഗ്യകരമായ മൂന്ന് സമ്മാന ആശയങ്ങൾ പങ്കുവച്ച് പ്രമുഖ ന്യൂട്രീഷനും വെൽനസ് കൺസൾട്ടന്റുമായി ഷീല കൃഷ്ണസ്വാമി. ചിന്താപൂർവം തിരഞ്ഞെടുക്കുന്ന സമ്മാനങ്ങൾ ബന്ധങ്ങളെ ശക്തിപ്പെടുത്തുകയും സ്നേഹിതരോടുള്ള കരുതൽ അറിയിക്കുകയും ചെയ്യുമെന്ന് ഷീല കൃഷ്ണ സ്വാമി പറയുന്നു.

ഹൃദയാരോഗ്യത്തെ പിന്തുണയക്കുകയും ശരീരഭാരം നിയന്ത്രിക്കാൻ സഹായിക്കുകയും ചെയ്യുന്ന ബദാം പോലുള്ള നട്സുകൾ ഉൾപ്പെടുത്തിയ ഹാംപറാണ് ആദ്യത്തെ സമ്മാന ആശയം. ഹെൽത്ത് ബാസ്ക്കറ്റ് നൽകുകയാണ് മറ്റൊന്ന്. ബദാം, ഓർഗാനിക് ഹെർബൽ ടീ, ഷുഗർ ഇല്ലാത്ത മ്യൂസ്ലി, ഡാർക്ക് ചോക്ലേറ്റുകൾ തുടങ്ങിയ പോഷക സമ്പുഷ്ടമായ ഓപ്ഷനുകൾ ഇതിൽ ഉൾപ്പെടുത്താം. സീസണൽ പഴങ്ങളും ആരോഗ്യകരമായ പാചകക്കുറിപ്പുകളുള്ള ഒരു പാചക പുസ്തകവും ചേർക്കുന്നതും നന്നാവും. വറുത്ത ചെറുപയർ, പോപ്കോൺ, മകാന, ബദാം പോലുള്ള പരിപ്പ് പോലുള്ള ആരോഗ്യകരമായ ലഘുഭക്ഷണ ഓപ്ഷനുകൾ ഉപയോഗിച്ച് ഒരു ഹാംപർ ഉണ്ടാക്കി അതിഥിക്ക് സമ്മാനമായി നൽകുന്നത് പരിഗണിക്കാവുന്നതാണെന്ന് ഷീല കൃഷ്ണ സ്വാമി പറയുന്നു. വീട്ടിൽ തയ്യാറാക്കിയ ലഘുഭക്ഷണങ്ങളും ഈ ഹാംപറിൽ ചേർക്കാം.

# ശുചിത്വോത്സവത്തിന് തുടക്കമായി

**കൊച്ചി :** മാലിന്യമുക്ത നവകേരളം ക്യാമ്പയിന്റെ രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി കുന്നത്തുനാട് ഗ്രാമപഞ്ചായത്തിൽ ശുചിത്വോത്സവം സംഘടിപ്പിച്ചു. ഓരോ വിദ്യാലയവും ഹരിത വിദ്യാലയമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ വെമ്പിള്ളി ഗവ. എൽ.പി.സ്കൂളിൽ സംഘടിപ്പിച്ച ശുചിത്വോത്സവം പഞ്ചായത്ത് പ്രസിഡന്റ് എം.വി. നിതമോൾ ഉദ്ഘാടനം ചെയ്തു.

ഹരിത സമൃദ്ധം ഹരിത വിദ്യാലത്തിലേക്കൊരു ഹരിത ചുവട് പദ്ധതിയുടെ ഭാഗമായി ഹരിത കേരള മിഷന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ശുചിത്വോത്സവത്തിൽ



ഓരോ വിദ്യാലയവും ഹരിത വിദ്യാലയമാക്കി മാറ്റുക എന്നതാണ് ലക്ഷ്യം. ശുചിത്വോത്സവത്തിന്റെ ഭാഗമായി കുട്ടികൾ പാഴ് വസ്തുക്കളിൽ നിന്ന് നിർമ്മിച്ചു കൊണ്ടുവന്ന വസ്തുക്കളുടെ പ്രദർശനമായ പാഴ് പുതുക്കൽ മേളയും സംഘടിപ്പിച്ചു.

ജൈവ മാലിന്യ സംസ്കരണം ശാസ്ത്രവും രീതികളും, നല്ല നാളെക്കായി കരുതി കൈ മാറാം അജൈവ പാഴ് വസ്തുക്കളെ ബദൽ ഉൽപ്പന്നങ്ങൾ ശീലമാക്കാം തുടങ്ങിയ വിഷയങ്ങളിൽ ഹരിത കേരളം മിഷൻ പ്രതിനിധികൾ ടി.എസ് ദീപുവും കെ.എ.അനൈനയും ക്ലാസ് നയിച്ചു. ചടങ്ങിൽ ഹെഡ്മിസ്ട്രസ് ആനി വർഗ്ഗീസ് അധ്യക്ഷത വഹിച്ചു. മെമ്പർ എൻ. ഒ ബാബു ആശംസകൾ അറിയിച്ചു. ജില്ലാ ഹരിതമിഷൻ പ്രതിനിധി ടി.എസ് ദീപു, പി.ടി.എ. പ്രസിഡന്റ് തുടങ്ങിയവർ പങ്കെടുത്തു.




# ഹോണ്ട ഫെസ്റ്റീവ് ധമാക്ക

**കൊച്ചി:**ഹോണ്ട ഇന്ത്യ പവർ പ്രൊഡക്ട്സ് ലിമിറ്റഡ് ഹോണ്ട ഫെസ്റ്റീവ് ധമാക്ക അവതരിപ്പിക്കുന്നു. എച്ച് ഐപിപിയുടെ വാട്ടർ പമ്പ്, ടില്ലറുകൾ, ബ്രഷ് കട്ടർ, എഞ്ചിനുകൾ എന്നിവയിൽ ആകർഷകമായ ഉത്സവ ഓഫറുകൾ ലഭിക്കും..ഈ സ്കീം 15 ഒക്ടോബർ 23 മുതൽ 2023 നവംബർ 30 വരെ ലഭിക്കുന്നതാണെന്ന് കമ്പനി അധികൃതർ അറിയിച്ചു.

# കെ.പി.എം.എ പരിസ്ഥിതി അവാർഡ് : അപേക്ഷ ക്ഷണിച്ചു

**കൊച്ചി :** കേരള പ്ലാസ്റ്റിക് മാനുഫാക്ചേഴ്സ് അസോസിയേഷൻ (കെ.പി.എം.എ ) പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജന മേഖലയിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കുന്ന വ്യക്തിക്കും സംഘടനയ്ക്കും വർഷംതോറും നൽകുന്ന അവാർഡുകൾക്ക് അപേക്ഷ ക്ഷണിച്ചു. 50,000 രൂപയും പ്രശംസാ പത്രവും അടങ്ങുന്നതാണ് അവാർഡ്. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് , ശുചിത്വമിഷൻ , ക്ലീൻ കേരള കമ്പനി ലിമിറ്റഡ് എന്നീ വകുപ്പുകളിലെ വിദഗ്ധരായ ഉന്നത ഉദ്യോഗസ്ഥർ അടങ്ങുന്ന ജൂറിയാണ് വിജയികളെ തിരഞ്ഞെടുക്കുന്നത്. അപേക്ഷകൾ അയയ്ക്കേണ്ട വിലാസംകേരള പ്ലാസ്റ്റിക് മാനുഫാക്ചേഴ്സ് അസ്സോസിയേഷൻ, ബീരാൻ കുഞ്ഞ് റോഡ്, കൊച്ചിൻ 18, ഇമെയിൽ kpmacochin@gmail.com. ഫോൺ: 04842354115. ഡിസംബർ 10 വരെ അപേക്ഷകൾ സ്വീകരിക്കും.

# സി.ബി.എസ്.ഇ ഇന്റർ സ്കൂൾ ജൂനിയർ ഫുട്ബോൾ ടൂർണമെന്റിന് ഇന്ന് തുടക്കം

**കൊച്ചി :** ഇന്റർ സ്കൂൾ ഫുട്ബോൾ മൽസരം കെ.സി.എൽ ജൂനിയർ ഫുട്ബോൾ ടൂർണമെന്റിന് തൃക്കാക്കര കൊച്ചിൻ പബ്ലിക് സ്കൂൾ ടർഫിൽ ഇന്ന് (16.11.23 വ്യാഴം) തുടക്കം. കെ.എം.എം ഇൻസ്റ്റിറ്റിയൂഷൻസ് ചെയർമാൻ എ.എം അബൂബക്കർ ചാമ്പ്യൻഷിപ്പ് ഉദ്ഘാടനം ചെയ്യും. എറണാകുളം ജില്ലയിൽ നിന്നുള്ള 24 സ്കൂളുകളിലെ 12 വയസിൽ താഴെയുള്ള കുട്ടികളാണ് ടൂർണമെന്റിൽ പങ്കെടുക്കുന്നത്. രാവിലെ ആറ് മുതൽ വൈകിട്ട് ആറ് വരെയാണ് മൽസരങ്ങൾ. നവംബർ 18 നാണ് ഫൈനൽ.

# എറണാകുളം ഗവൺമെന്റ് ലോ കോളേജിൽ സീറ്റ് ഒഴിവ്

**കൊച്ചി :** എറണാകുളം ഗവൺമെന്റ് ലോ കോളേജിൽ 2023 24 അധ്യയന വർഷത്തിലെ പഞ്ചവത്സര എൽ എൽ ബി കോഴ്സിലേക്ക് ഒഴിഞ്ഞു കിടക്കുന്ന ഒരു എസ് സി സീറ്റിലേക്ക് അപേക്ഷ ക്ഷണിച്ചു.

അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി നവംബർ 17 ഉച്ചയ്ക്ക് രണ്ട് വരെ .

പ്രവേശന പരീക്ഷ കമ്മീഷൻ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരും ഇതുവരെ പ്രവേശനം ലഭിച്ചിട്ടില്ലാത്തതുമായ വിദ്യാർത്ഥികളെ മാത്രമേ പ്രവേശനത്തിന് പരിഗണിക്കുകയുള്ളൂ. 17ന് ഉച്ചയ്ക്ക് രണ്ടിന് ശേഷം റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും നാലിന് മുൻപ് പ്രവേശനം നടത്തുകയും ചെയ്യുന്നതായിരിക്കും.

പ്രവേശന സമയത്ത് എല്ലാ രേഖകളും അസ്സൽ സർട്ടിഫിക്കറ്റുകളും ഹാജരാക്കണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ : 0484 2352020,2353915







# ജർമ്മനിയിൽ നടക്കുന്ന അഗ്രിടെക്നിക്ക മേളയിൽ ഉത്പന്ന ശ്രേണി പ്രദർശിപ്പിച്ച് ടിവിഎസ് യൂറോഗ്രിപ്പ്

**കൊച്ചി:** ഇന്ത്യയിലെ മുൻനിര നിർമ്മാതാക്കളും കയറ്റുമതിക്കാരുമായ ടിവിഎസ് യൂറോഗ്രിപ്പ് നവംബർ 12 മുതൽ 18 വരെ ജർമനിയിലെ ഹനോവറിൽ നടക്കുന്ന അഗ്രിടെക്നിക്ക മേളയിൽ തങ്ങളുടെ ഉത്പന്ന ശ്രേണി പ്രദർശിപ്പിക്കുന്നു.

ഏഴ് ദിവസത്തെ പ്രദർശനത്തിൽ കമ്പനി തങ്ങളുടെ ഏറ്റവും പുതിയ ഓഫറുകളുടെ തിരഞ്ഞെടുത്ത ശ്രേണിയാണ് പ്രദർശിപ്പിക്കുന്നത്. അഗ്രി റേഡിയലുകൾ, റോ ക്രോപ്പ് റേഡിയലുകൾ, ഫ്ലോട്ടേഷൻ റേഡിയലുകൾ, ട്രാക്ടർ ടയറുകൾ, മൾട്ടി പർപ്പസ് ടയറുകൾ എന്നിവ പ്രദർശനത്തിലുള്ള ഉൽപ്പന്നങ്ങളിൽ ഉൾപ്പെടുന്നു.

കാർഷിക യന്ത്രങ്ങൾക്കായുള്ള ലോകത്തെ പ്രമുഖ വ്യാപാര മേളയുടെ ഭാഗമാകാൻ കഴിഞ്ഞതിൽ ആവേശഭരിതരാണെന്ന് ഒഎച്ച്ടി സെയിൽസ് ആൻഡ് മാർക്കറ്റിംഗ് വൈസ് പ്രസിഡന്റ് എസ് മഥൻ ബാബു പറഞ്ഞു. നിരവധി വർഷങ്ങളായി ഞങ്ങൾ അഗ്രിടെക്നിക്കയിൽ ഉത്പന്നങ്ങൾ പ്രദർശിപ്പിക്കുന്നു, ഞങ്ങളുടെ മികച്ച ടയർ സാങ്കേതികവിദ്യയും വിശാലമായ ഉൽപ്പന്ന ശ്രേണിയും ഞങ്ങളുടെ ആഗോള വ്യാപനം വിപുലീകരിക്കാൻ ഞങ്ങളെ സഹായിക്കുന്നു. ടിവിഎസ് യൂറോഗ്രിപ്പിന്റെ ഉൽപ്പന്നങ്ങൾ ലോകമെമ്പാടുമുള്ള 85ലധികം രാജ്യങ്ങളിൽ ലഭ്യമാണ്. ഓഫ്ഹൈവേ ടയർ ബിസിനസിന്റെ പ്രധാന വിപണികളിലൊന്നാണ് ജർമ്മനി.

# കുട്ടികളിൽ ശുചിത്വബോധം വളർത്തുന്നതിലൂടെ നാടിന് മാതൃക തീർക്കാം : മന്ത്രി പി. രാജീവ്

**കൊച്ചി :** കുട്ടികളിൽ ശുചിത്വബോധം വളർത്തുന്നതിലൂടെ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിൽ നാടിന് മാതൃക തീർക്കാൻ കഴിയുമെന്ന് വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് പറഞ്ഞു. ശുചിത്വത്തിനൊപ്പം കളമശ്ശേരി പദ്ധതിയുടെ ഭാഗമായി കുട്ടികളിൽ ശുചിത്വബോധം സൃഷ്ടിക്കുന്നതിനായി തയ്യാറാക്കിയ ചിത്രകഥാപുസ്തകത്തിന്റെ പ്രകാശനം ഏലൂർ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

സ്കൂൾതലത്തിൽ തന്നെ മാലിന്യം കൈകാര്യം ചെയ്യുന്നതിൽ കുട്ടികൾക്ക് അറിവ് നേടാനായാൽ അത് വലിയ മുതൽക്കൂട്ടാണ്. മാലിന്യം വലിച്ചെറിയാൻ ഉള്ളതല്ല എന്നും വേർതിരിച്ച് അതാതിടങ്ങളിൽ നിക്ഷേപിക്കണം എന്നുമുള്ള ബോധ്യം ചെറുപ്പത്തിൽ തന്നെ ആർജിച്ചാൽ അവർ മുതിർന്നവർക്ക് ഉൾപ്പെടെ മാതൃക തീർക്കും. അത്തരത്തിൽ കുട്ടികളിൽ ശുചിത്വബോധം സൃഷ്ടിക്കുന്നതിനായാണ് ഇത്തരത്തിൽ ഒരു പുസ്തകം രൂപകല്പന ചെയ്തിരിക്കുന്നത്. നിലവിൽ എൽ.പി സ്കൂൾ കുട്ടികളെ ലക്ഷ്യമിട്ടാണ് പദ്ധതി യാഥാർത്ഥ്യമാക്കിയിരിക്കുന്നത്. വരും ദിവസങ്ങളിൽ മുതിർന്ന ക്ലാസുകളിലെ കുട്ടികൾക്കും ഉപകരിക്കുന്ന വിധം മറ്റൊരു പുസ്തകം പരിഗണനയിലാണ്. ശുചിത്വത്തിനൊപ്പം കളമശ്ശേരി എന്ന പദ്ധതിയുടെ ഭാഗമായി കഴിഞ്ഞ ജൂൺ മാസത്തിൽ മൂന്ന് ദിവസം നീണ്ടുനിൽക്കുന്ന ശുചീകരണ യജ്ഞം കളമശ്ശേരി മണ്ഡലത്തിലെ വിവിധ ഇടങ്ങളിൽ സംഘടിപ്പിച്ചിരുന്നു. പദ്ധതി വൻ വിജയമായിരുന്നു എന്നും മന്ത്രി പറഞ്ഞു.

ഏലൂർ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിനെ മികവിന്റെ കേന്ദ്രം ആക്കി മാറ്റാൻ നാലര കോടി രൂപ അനുവദിച്ചിട്ടുണ്ട്. വിശദമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കി പദ്ധതി യാഥാർത്ഥ്യമാക്കും. ഏലൂർ ഗവൺമെന്റ് എൽ.പി സ്കൂളിലെ നിർമ്മാണ പ്രവർത്തനങ്ങൾ ഒരു മാസത്തിനുള്ളിൽ പൂർത്തീകരിക്കാൻ കഴിയുമെന്നും മന്ത്രി പറഞ്ഞു. പുസ്തക പ്രകാശനത്തിനു ശേഷം ഏലൂർ ഗവൺമെന്റ് എൽ.പി സ്കൂളിലെ വിദ്യാർഥികൾ വേദിയിൽ മന്ത്രിയെ ചിത്രകഥ വായിച്ചു കേൾപ്പിച്ചു.

മന്ത്രി പി. രാജീവിന്റെ നേതൃത്വത്തിലാണ് പുസ്തകം ഒരുക്കിയിരിക്കുന്നത്. മിങ്കുവും ടിങ്കുവുമാണ് പുസ്തകത്തിലെ കഥാപാത്രങ്ങൾ. മാലിന്യസംസ്കരണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും അത് നിർവ്വഹിക്കേണ്ട രീതികളെക്കുറിച്ചും മിങ്കുവും ടിങ്കുവും ഏറെ രസകരമായി കുട്ടികളെ ബോധവാന്മാരാക്കും.

കുളത്തിൽ ചൂണ്ടയിട്ട് മീൻ പിടിക്കാൻ ഇറങ്ങുന്ന മിങ്കുവും ടിങ്കുവും, പുഴയിലും കരയിലും കാണുന്ന മാലിന്യങ്ങളെ കുറിച്ച് പറഞ്ഞുകൊണ്ടാണ് ചിത്രകഥ ആരംഭിക്കുന്നത്. ചുറ്റുപാടും കാണുന്ന പലതരം മാലിന്യങ്ങളെക്കുറിച്ചും അവ ഉയർത്തുന്ന ഭീഷണിയെക്കുറിച്ചും ഇരുവരും വിശദീകരിക്കുന്നു. പ്ലാസ്റ്റിക് മുതൽ ഇമാലിന്യം വരെയുള്ള നാനാതരം മാലിന്യങ്ങൾ വേർതിരിക്കേണ്ടതിനെക്കുറിച്ചും സംസ്കരിക്കേണ്ടതെങ്ങനെയെന്നും പുസ്തകം പറയുന്നു. മാലിന്യം പരിമിതപ്പെടുത്തൽ, പുനരുപയോഗം, പുന:ചംക്രമണം തുടങ്ങി സംസ്കരണത്തിന്റെ വ്യത്യസ്ത വഴികളും മണ്ണിര കമ്പോസ്റ്റ്, തുമ്പൂർമുഴി മാതൃക, ബയോഗ്യാസ് പ്ളാന്റുകൾ തുടങ്ങി പലതരം മാതൃകകളും പുസ്തകം പരിചയപ്പെടുത്തുന്നുണ്ട്. സ്വയം ചെയ്യേണ്ട പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുള്ള വർക്ക് ഷീറ്റും ചേർത്താണ് ശുചിത്വത്തിനൊപ്പം എന്ന പുസ്തകം തയ്യാറാക്കിയിരിക്കുന്നത്.

# ഇരുമ്പ് സ്ക്രാപ്പ് സാധനങ്ങളുടെ ലേലം മാറ്റിവെച്ചു

**കൊച്ചി :** നവംബർ 17ന് ഇടപ്പള്ളി സംസ്ഥാന ചരക്ക് സേവന നികുതി കമ്മീഷണറുടെ കാര്യാലയത്തിൽ നടത്താൻ തീരുമാനിച്ചിരുന്ന ഇരുമ്പ് സ്ക്രാപ്പ് സാധനങ്ങളുടെ ലേലം സാങ്കേതിക കാരണങ്ങളാൽ മറ്റൊരു തീയതിയിലേക്ക് മാറ്റിയതായി സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് സീനിയർ എൻഫോഴ്സ്മെന്റ് ഓഫീസർ അറിയിച്ചു. പുതുക്കിയ തീയതി പിന്നീട് അറിയിക്കും.

# അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കില്ല

**കൊച്ചി :** ജില്ലയിൽ അക്ഷയ പദ്ധതിയുടെ 21ാമത് ദിനാഘോഷ പരിപാടികൾ നവംബർ 16 ന് തൃക്കാക്കര കമ്മ്യൂണിറ്റി ഹാളിൽ നടക്കും. വ്യാഴാഴ്ച (16) ജില്ലയിലെ അക്ഷയ കേന്ദ്രങ്ങൾ തുറന്നു പ്രവർത്തിക്കില്ലെന്ന് അക്ഷയ ചീഫ് കോർഡിനേറ്റർ അറിയിച്ചു.

# അപേക്ഷ ക്ഷണിച്ചു

**കൊച്ചി :** തൃപ്പൂണിത്തുറ താലൂക്ക് ആസ്ഥാന ആശുപത്രിയിൽ പ്രസവിക്കുന്ന അമ്മയെയും അവരുടെ കുഞ്ഞിനെയും സുരക്ഷിതമായി ഭവനങ്ങളിൽ എത്തിക്കുന്നതിന് സർക്കാർ നിശ്ചയിച്ച തുകയിൽ വാഹനം ആശുപ്രതിയിൽ ലിസ്റ്റ് ചെയ്യുന്ന പാനലിൽ ഉൾപ്പെടുത്തി ടേൺ അനുസരിച്ച് ഓടിക്കുന്നതിന് വാഹനം ഡ്രൈവർ സഹിതം നൽകുന്നതിന് താൽപര്യമുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു.

തൃപ്പൂണിത്തുറ നഗരസഭാപരിധിയിൽ ടാക്സി സർവ്വീസ് നടത്തുന്ന വാഹനങ്ങൾക്കും സ്ഥാപനങ്ങൾക്കും മുൻഗണന ലഭിക്കും.

കൂടുതൽ വിവരങ്ങൾക്ക്: 04842783495, 2777315, 2777415

അപേക്ഷ സ്വീകരിച്ച് തുടങ്ങുന്ന തീയതി: നവംബർ 20ന് രാവിലെ 11മുതൽ. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി: നവംബർ 30ന് വൈകിട്ട് മൂന്നിന്.




# വികസിത് ഭാരത് സങ്കൽപ് യാത്രക്ക് തുടക്കമായി

**കൊച്ചി:** കേന്ദ്ര സർക്കാരിന്റെ ജനക്ഷേമ പദ്ധതികളുടെ പൂർത്തീകരണത്തിനുള്ള പ്രധാന ചുവടുവയ്പ്പ് എന്ന നിലയിൽ ആവിഷ്കരിച്ചിട്ടുള്ള വികസിത് ഭാരത് സങ്കൽപ് യാത്രയ്ക്ക് കേരളത്തിലും ലക്ഷദ്വീപിലും ഇന്ന് തുടക്കമായി. കേരളത്തിൽ പാലക്കാട് ജില്ലയിലെ അട്ടപ്പാടി അഗളിയിൽ നടന്ന പരിപാടിയിൽ കേരള ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ പരിപാടിയുടെ സംസ്ഥാന തല ഉദ്ഘാടനം നിവഹിക്കുകയും ഐ‌ഇ‌സിവാൻ ഫ്ലാഗ് ഓഫ് ചെയ്യുകയും ചെയ്തു. കേന്ദ്ര വിദേശകാര്യപാർലമെന്ററികാര്യ സഹമന്ത്രി വി. മുരളീധരൻ അധ്യക്ഷത വഹിച്ചു.

ഗോത്ര വർഗ ശക്തി പ്രയോജനപ്പെടുത്തി ഭാരതത്തിന്റെ വികസനം സാധ്യമാക്കുമെന്ന് ചടങ്ങിനെ അഭിസംബോധന ചെയ്തുകൊണ്ട് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ പറഞ്ഞു. ഗോത്രവർഗ മേഖലയുടെ വികസനം ത്വരിതപ്പെടുത്താനായി നിരവധി പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത്. ഇതിനായുള്ള വികസന ദൗത്യത്തിനാണ് ഇന്ന് തുടക്കം കുറിക്കുന്നതും അദ്ദേഹം ചൂണ്ടിക്കാട്ടി. ഇതിന്റെ ആനുകൂല്യങ്ങളും സൗകര്യങ്ങളും അഗളിയിലും അട്ടപ്പാടിയിലും ഉള്ളവർക്കും ലഭിക്കട്ടെ എന്നും ഗവർണർ ആശംസിച്ചു. 24,000 കോടി രൂപയുടെ പദ്ധതികൾ രാജ്യത്തെ 220 ഗോത്ര വർഗ വിഭാഗക്കാർക്ക് ഗുണം ചെയ്യും. 25 വർഷം കൊണ്ട് ഇന്ത്യയെ വികസിത, പുരോഗിത രാഷ്ട്രമാക്കുമെന്നുള്ള പ്രധാനമന്ത്രിയുടെ പ്രഖ്യാപനം ഉൾക്കൊണ്ട് പുനരർപ്പണം നടത്താൻ തയ്യാറാകണമെന്നും ഗവർണർ ആഹ്വാനം ചെയ്തു.

ഗോത്ര വർഗങ്ങളിൽ നിന്നുള്ള സ്വാതന്ത്ര്യ സമര സേനാനികൾ സ്വപ്നം കണ്ടിരുന്ന വികസിത ഭാരതം യാഥാർത്ഥ്യമാക്കാനാണ് വികസിത് ഭാരത് സങ്കൽപ് യാത്രയെന്നും ഗവർണർ ചൂണ്ടിക്കാട്ടി. അതുകൊണ്ടു കൂടിയാണ് ഭഗവാൻ ബിർസ മുണ്ട ജയന്തി ദിനം ആ യാത്ര ആരംഭിക്കാനായി പ്രധാനമന്ത്രി തെരഞ്ഞെടുത്തത്. ഗോത്രവർഗം അഭിവൃദ്ധി പ്രാപിക്കുമ്പോൾ ഭാരതവും അഭിവൃദ്ധി പ്രാപിക്കും. ലോകത്ത് ഏറ്റവും കൂടുതൽ ഗോത്ര വർഗ ജനസംഖ്യയുള്ള രാജ്യങ്ങളിൽ ഒന്നാണ് ഭാരതം എന്നത് ഓർമിക്കണമെന്നും അദ്ദേഹം പറഞ്ഞു.



ആദിവാസി സഹോദരങ്ങളോടുള്ള ആദരവു കൂടിയാണ് ഭഗവാൻ ബിർസ മുണ്ട ജയന്തി ദിനത്തിൽ യാത്രയ്ക്കു തുടക്കം കുറിക്കുന്നതിലൂടെ കാണാനാകുന്നതെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച മന്ത്രി വി. മുരളീധരൻ പറഞ്ഞു. 2047ൽ ഇന്ത്യയെ ഒരു വികസിത രാഷ്ട്രമാക്കി മാറ്റണമെന്ന കാഴ്ചപ്പാടോടെയുള്ള വികസന ലക്ഷ്യങ്ങളാണ് പ്രധാനമന്ത്രി പ്രഖ്യാപിച്ചിരിക്കുന്നതെന്ന് മന്ത്രി ചൂണ്ടിക്കാട്ടി. സദ്ഭരണത്തിന്റെ ഗുണങ്ങൾ എല്ലാവരിലും എത്തിക്കാനുള്ള ശ്രമങ്ങളും അതോടൊപ്പം വേണം. പാർശ്വവൽക്കരിക്കപ്പെട്ടവരിലും ഗുണഫലങ്ങൾ എത്തിച്ചാൽ മാത്രമേ എല്ലാവരിലും വികസനം എത്തി എന്നു പറയാനാകൂ. ആദിവാസി ക്ഷേമ നടപടികൾ പ്രഖ്യാപിക്കുക മാത്രമല്ല മറിച്ച് നടപ്പാക്കൽ കൂടി ഉറപ്പു വരുത്തുകയാണ് പ്രധാനമന്ത്രി. ഗോത്ര വർഗ മന്ത്രാലയത്തിനുള്ള ബജറ്റ് വിഹിതത്തിൽ 194 ശതമാനം വർധനയാണ് ഇക്കാലയളവിൽ ഉണ്ടായത് എന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

വികസിത് ഭാരത് സങ്കൽപ് യാത്ര ഫ്ളാഗ് ഓഫ് ചെയ്യുന്നതിനു മുന്നോടിയായി വിവിധ കേന്ദ്ര പദ്ധതികളുടെ പുതിയ ഗുണഭോക്താക്കൾക്കുള്ള രേഖകൾ ചടങ്ങിനോടനുബന്ധിച്ച് ഗവർണർ വിതരണം ചെയ്തു. വിവിധ കേന്ദ്ര സർക്കാർ പദ്ധതികളുമായി ബന്ധപ്പെട്ട സ്റ്റാളുകളും ചടങ്ങിനോടനുബന്ധിച്ചു സ്ഥാപിച്ചിരുന്നു. വികസിത് ഭാരത് സങ്കൽപ് യാത്രയുടെ ദേശീയ തല ഉദ്ഘാനടത്തോടനുബന്ധിച്ചുള്ള പ്രധാനമന്ത്രിയുടെ പ്രസംഗം വേദിയിൽ ലൈവ് ആയി പ്രദർശിപ്പിച്ചു.

ലക്ഷദ്വീപിൽ, കവരത്തി സെക്രട്ടേറിയറ്റിൽ നടന്ന ചടങ്ങിൽ അഡ്മിനിസ്ട്രേറ്ററുടെ ഉപദേഷ്ടാവ് സന്ദീപ് കുമാർ ഐ‌ഇ‌സി വാൻ ഫ്ലാഗ് ഓഫ് ചെയ്തു. കലക്ടറും ജില്ലാ മജിസ്ട്രേറ്റും ആയ അർജുൻ മോഹൻ, എസ് പി, സമീർ ശർമ എന്നിവരും ചടങ്ങിൽ പങ്കെടുത്തു. പങ്കെടുത്തവർ പ്രധാനമന്ത്രിയുടെ പരിപാടി തത്സമയം വീക്ഷിക്കുകയും വികസിത് ഭാരത് സങ്കൽപ് പ്രതിജ്ഞയെടുക്കുകയും ചെയ്തു..

വികസിത് ഭാരത് പ്രചാരണം എക്കാലത്തെയും വലിയ ജനസമ്പർക്ക സംരംഭങ്ങളിലൊന്നാണ്. 2024 ജനുവരി 25നകം 2.55 ലക്ഷത്തിലധികം ഗ്രാമപഞ്ചായത്തുകളും 3,600ലധികം നഗര തദ്ദേശ സ്ഥാപനങ്ങളും ഉൾപ്പെടെ രാജ്യത്തെ എല്ലാ ജില്ലകളിലും ഈ പ്രചാരണ പരിപാടി നടത്താൻ ലക്ഷ്യമിടുന്നു.

## ഇഹെൽത്ത് പദ്ധതിക്കു തുടക്കം

**മട്ടാഞ്ചേരി:** സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ ഇഹെൽത്ത് പ്രാരംഭ പ്രവർത്തനങ്ങൾക്ക് തുടക്കമായി. ആദ്യഘട്ടത്തിൽ കമ്പ്യൂട്ടറിൽ പ്രിൻറ് ചെയ്ത ഓ.പി.ടിക്കറ്റ് വിതരണം ആരംഭിച്ചു. കൊച്ചിൻ കോർപ്പറേഷൻ ഡെപ്യൂട്ടി മേയർ കെ.എ അൻസിയ ഉദ്ഘാടനം ചെയ്തു.

ആശുപത്രി സൂപ്രണ്ട് ഡോ. സിസ്സി തങ്കച്ചൻ, ജില്ലാ നോഡൽ ഓഫീസർ ഡോ. രശ്മി,ഡിസ്ട്രിക്റ്റ് പ്രോജക്ട് ഓഫീസർ മജ്നു മോഹൻ, ഇ ഹെൽത്ത് സ്റ്റാഫ് ആർ.രാഹുൽ എന്നിവർ പങ്കെടുത്തു. സി എസ് എം എൽന്റെ ഫ്രഞ്ച് ഡെവലപ്പ്മെന്റ് ഏജൻസിയും യൂറോപ്യൻ യൂണിയനും ചേർന്നുള്ള സി ഐ ടി ഐ ഐ സ് (ഇകഠകകട) പ്രോഗ്രാമിന്റെ കീഴിലാണ് ഈ പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. ആശുപത്രിയിൽ എത്തുന്ന രോഗികൾ ആധാർ ലിങ്ക് ചെയ്ത് മൊബൈൽ നമ്പറുമായി ഒ.പി. യിൽ എത്തണമെന്ന് അധികൃതർ അറിയിച്ചു.

## ഫ്രെയർ എനർജി റൂഫ്ടോപ്പ് സോളാർ കമ്പനി58 കോടിസമാഹരിച്ചു

**ഹൈദരാബാദ്:** ഇന്ത്യയിലെ മുൻനിര റൂഫ്ടോപ്പ് സോളാർ കമ്പനിയായ ഫ്രെയർ എനർജി 7 മില്യൺ യുഎസ് ഡോളർ (58 കോടി രൂപ) യുടെ ഇകിറ്റി നിക്ഷേപം നേടി. 3 മില്യൺ ഡോളർ നിക്ഷേപിച്ച EDFI മാനേജ്മെന്റ് കമ്പനി നിയന്ത്രിക്കുന്ന യൂറോപ്യൻ യൂണിയൻ ധനസഹായത്തോടെയുള്ള ഇംപാക്ട് നിക്ഷേപ സൗകര്യമായ EDFI EletcriFI ആണ് റൗണ്ടിന് നേതൃത്വം നൽകിയത്. ഷ്നൈഡർ ഇലക്ട്രിക് എനർജി ഏഷ്യ ഫണ്ട് (എസ്.ഇ.ഇ.എ.എ), ലോട്ടസ് ക്യാപിറ്റൽ എൽഎൽസി, മേബ്രെറ്റ് വെഞ്ചേഴ്സ്, വിടി ക്യാപിറ്റൽ എന്നിവരാണ് റൗണ്ടിൽ പങ്കെടുത്ത മറ്റ് നിക്ഷേപകർ.

## ജോകാറ്റ ഇന്ത്യയിലെ ആദ്യത്തെ എംഎസ്എംഇ സാമ്പത്തിക പ്രവർത്തന സൂചിക പുറത്തിറക്കി

**മുംബൈ:** ഡിജിറ്റൽ ലെൻഡിംഗ് ട്രാൻസ്ഫോർമേഷൻ പാർട്ണറായ ജോകാറ്റ, എംഎസ്എംഇ വികസനത്തിനായുള്ള സാമ്പത്തിക സ്ഥാപനമായ സിഡ്ബിയുമായി സഹകരിച്ച് ഇത്തരത്തിലുള്ള ഒരു എംഎസ്എംഇ ഇക്കണോമിക് ആക്ടിവിറ്റി ഇൻഡക്സ് സമ്പൂർൺ അവതരിപ്പിക്കുന്നു. എംഎസ്എംഇ നിർദ്ദിഷ്ട ഉയർന്ന ഫ്രീക്വൻസി ഇൻഡിക്കേറ്റർ ഇന്ത്യയുടെ വളർച്ചാ എഞ്ചിന്റെ അവസ്ഥയെ പിടിച്ചെടുക്കും, അത് എംഎസ്എംഇകൾ, ഇന്ത്യയുടെ മൊത്തത്തിലുള്ള മൊത്ത മൂല്യവർദ്ധിത (ഏഢഅ) യുടെ നാലിലൊന്ന് ഭാഗവും ഇന്ത്യയുടെ മൊത്തം കയറ്റുമതിയുടെ 40%ലധികവും സംഭാവന ചെയ്യുന്നു.

നിലവിൽ ലഭ്യമായ മാക്രോ സൂചികകൾ ബിസിനസ്സ് പ്രതീക്ഷകൾ പിടിച്ചെടുക്കുകയും അഭിപ്രായത്തെയോ സർവേ അടിസ്ഥാനമാക്കിയുള്ള ഡാറ്റയെയോ ആശ്രയിക്കുകയും ചെയ്യുന്നു. ഈ വിടവ് നികത്താനും എംഎസ്എംഇ വിൽപ്പന പ്രവർത്തനത്തിലെ മാറ്റങ്ങളെ ആഴത്തിൽ വ്യാഖ്യാനിക്കാനും ജോകാറ്റ സമ്പൂർൺ ലക്ഷ്യമിടുന്നു. എംഎസ്എംഇ സമ്പദ്‌വ്യവസ്ഥയെ കൃത്യമായി പ്രതിനിധീകരിക്കാനും മാക്രോ ഇക്കണോമിക് അവസ്ഥകളുടെ ആഘാതം പിടിച്ചെടുക്കാനുമുള്ള അതിന്റെ കഴിവ് ഉറപ്പാക്കിക്കൊണ്ട് ക്രെഡിറ്റ് വിദഗ്ധരും ഡാറ്റാ ശാസ്ത്രജ്ഞരും മുതിർന്ന സാമ്പത്തിക വിദഗ്ധരും അടങ്ങുന്ന ഒരു സംഘം കഴിഞ്ഞ നാല് വർഷമായി സൂചിക നിർമ്മിക്കുകയും ട്രാക്ക് ചെയ്യുകയും ചെയ്തിട്ടുണ്ട്.

## പ്ലാസ്റ്റിക് ഫ്രീ ഡേ കാമ്പയിൻ സംഘടിപ്പിച്ചു

**ഇടുക്കി:** തദ്ദേശസ്വയംഭരണവകുപ്പും രാഷ്ട്രീയഗ്രാമസ്വരാജ് അഭിയാനും സംയുക്തമായി നെടുങ്കണ്ടം ബ്ലോക്കുതല ഏകദിനപ്ലാസ്റ്റിക് ഫ്രീ ഡേ കാമ്പയ്നും ബോധവൽക്കരണ ക്ലാസും സംഘടിപ്പിച്ചു. ചെമ്മണ്ണാർ സെന്റ് സേവ്യേഴ്സ് ഹയർ സെക്കന്ററി സ്കൂളിൽ നടന്ന പരിപാടി നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.റ്റി കുഞ്ഞ് ഉദ്ഘാടനം ചെയ്തു.

യോഗത്തിൽ വിദ്യാർഥി പ്രതിനിധി അമല സജി അധ്യക്ഷത വഹിച്ചു. തദ്ദേശസ്വയംഭരണവകുപ്പ് ജില്ലാ അസിസ്റ്റന്റ് ഡയറക്ടർ ശ്രീലേഖ സി. യോഗത്തിൽ മുഖ്യപ്രഭാഷണം നടത്തി. ശാസ്ത്രീയമാലിന്യസംസ്കരണം, പ്ലാസ്റ്റിക്ക് ഉൾപ്പെടെയുള്ള മാലിന്യവസ്തുക്കൾ പ്രകൃതിക്കും സമൂഹത്തിനുമുള്ള ദോഷം എന്നീ വിഷയങ്ങളിൽ ശുചിത്വമിഷൻ റിസോഴ്സ് പേഴ്സൺ ബാബു പൊന്നോത്ത് ബോധവൽക്കരണക്ലാസ് നയിച്ചു. പ്ലാസ്റ്റിക്കിന്റെ കൃത്യമായ സംസ്ക്കരണം മാതൃകാപരമായ രീതിയിൽ നടത്തുന്നതിന്റെ ഭാഗമായി കുട്ടികൾ വീടുകളിൽ നിന്ന് ശേഖരിച്ച പ്ലാസ്റ്റിക്ക് കവറുകൾ ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത് ഹരിതകർമ്മസേന അംഗങ്ങൾക്ക് കൈമാറി.

# ലഹരി വസ്തുക്കളുടെ ഉപയോഗം കുറ്റകൃത്യങ്ങൾ വർധിപ്പിക്കുമെന്ന് വനിതാ കമ്മിഷൻ

**കൊച്ചി:** ലഹരി വസ്തുക്കളുടെ ഉപയോഗമാണ് സമൂഹത്തിൽ വർധിച്ചുവരുന്ന കുറ്റകൃത്യങ്ങൾക്ക് കാരണമെന്ന് വനിതാ കമ്മിഷൻ അധ്യക്ഷ അഡ്വ. പി. സതീദേവി പറഞ്ഞു. കേരള വനിതാ കമ്മിഷനും വാഴക്കുളം ബ്ലോക്ക് പഞ്ചായത്തും സംയുക്തമായി വാഴക്കുളം സർവീസ് സഹകരണ ബാങ്കിൽ സംഘടിപ്പിച്ച സംസ്ഥാന സെമിനാർ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു വനിതാ കമ്മിഷൻ അധ്യക്ഷ.

അന്യസംസ്ഥാന തൊഴിലാളികൾ ഉപയോഗിക്കുന്ന ലഹരി വസ്തുക്കൾ സമൂഹത്തിനുണ്ടാക്കുന്ന വിപത്ത് വളരെ വലുതാണ്. സ്ത്രീകളും കുട്ടികളുമാണ് പലപ്പോഴും ഇതിന് ഇരയാകുന്നത്. ഇതിനെതിരെ ജാഗ്രതയോടെയുള്ള സമീപനമാണ് സമൂഹം സ്വീകരിക്കേണ്ടത്.

അന്യസംസ്ഥാനതൊഴിലാളികളെ ബോധവത്ക്കരിക്കേണ്ടത് പരിഷ്കൃത സമൂഹത്തിന്റെ ഉത്തരവാദിത്തമാണ്. അവരുടെ ജീവിത സാഹചര്യങ്ങൾ പരിശോധിക്കുകയും അവരുടെ ആവശ്യങ്ങൾ നിറവേറ്റാനും ശ്രദ്ധിക്കണം. കേരളത്തിലെ ചുറ്റുപാടുമായി ചേർന്ന് ജീവിക്കുന്നതിനും ലഹരിപദാർത്ഥങ്ങളുടെ ഉപയോഗം കുറയ്ക്കുന്നതിനും അന്യസംസ്ഥാനതൊഴിലാളികളെയും കുടുംബങ്ങളെയും പ്രത്യേകം ബോധവത്ക്കരിക്കണം.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വാർഡ് തലത്തിൽ പ്രവർത്തിക്കുന്ന ജാഗ്രതാ സമിതികൾ നിശ്ചിത ഇടവേളകളിൽ യോഗം ചേർന്ന് അതത് സ്ഥലത്തെ സ്ഥിതിഗതികൾ വിലയിരുത്തണം. ജാഗ്രതാ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാകുമ്പോൾ കുറ്റകൃത്യങ്ങളുടെ തോത് കുറയുമെന്ന് കമ്മിഷൻ അധ്യക്ഷ പറഞ്ഞു.

പോലീസിന്റെ ശക്തമായ നിരീക്ഷണം, സിസിടിവി സ്ഥാപിക്കൽ, ജനപ്രതിനിധികൾ, അങ്കണവാടി ആശാ വർക്കർമാരുടെ ഇടപെടൽ എന്നിവ അന്യസംസ്ഥാനതൊഴിലാളികൾക്കിടയിൽ പ്രശ്നങ്ങൾ തടയുന്നതിന് സഹായകമാകും.

പ്രശ്ന സാധ്യത പ്രദേശങ്ങളിൽ പോലീസിനൊപ്പം പൊതുജനങ്ങളും നിരീക്ഷിക്കണം. പോലീസിന്റെ നേതൃത്വത്തിൽ അതിഥി തൊഴിലാളികൾക്കായി സംഘടിപ്പിച്ചിരിക്കുന്ന രജിസ്ട്രേഷൻ ക്യാമ്പ് അഭിനന്ദനാർഹമാണ്. സ്ത്രീകളും കുട്ടികളും ഉൾപ്പെടെയുള്ളവർക്ക് നിയമ പരിരക്ഷ ഉറപ്പാക്കാൻ കമ്മീഷൻ പ്രവർത്തിക്കുമെന്നും വനിത കമ്മിഷൻ അധ്യക്ഷ പറഞ്ഞു.

അന്യസംസ്ഥാന തൊഴിലാളികളുടെ പ്രശ്നങ്ങൾ എന്ന വിഷയത്തിൽ മൂവാറ്റുപുഴ സ്റ്റേഷൻ എ.എസ്.ഐ. സിബി അച്യുതൻ ക്ലാസ് നയിച്ചു. ഓരോരുത്തരും തങ്ങളുടെ പ്രദേശത്തുള്ള അന്യസംസ്ഥാന തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിലോ ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാലോ യോദ്ധാവ് ആപ്പ് മുഖേനയോ പോലീസ് സ്റ്റേഷനിൽ നേരിട്ടോ ബന്ധപ്പെടണം. അടിയന്തര സാഹചര്യങ്ങളിൽ ഓരോ വ്യക്തികളും പോലീസിനെ എങ്ങനെ സമീപിക്കണമെന്നും ക്ലാസിൽ വിശദീകരിച്ചു.

സ്ത്രീകളുടെ ഉന്നമനത്തിനും സംരക്ഷണത്തിനും ഒട്ടനവധി നിയമങ്ങൾ ഭരണഘടന വിഭാവനം ചെയ്യുന്നുണ്ടെന്നും വീടുകൾ, തൊഴിലിടങ്ങൾ, പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ സ്ത്രീകൾക്ക് സുരക്ഷ ഉറപ്പാക്കണമെന്നും സ്ത്രീകളും സംരക്ഷണ നിയമങ്ങളും എന്ന വിഷയത്തിൽ ക്ലാസ് നയിച്ച അഡ്വ. എം.ബി. ഷൈനി പറഞ്ഞു.

ചടങ്ങിൽ കമ്മീഷൻ അംഗം അഡ്വ. എലിസബത്ത് മാമ്മൻ മത്തായി അധ്യക്ഷത വഹിച്ചു. വാഴക്കുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഗോപാൽ ഡിയോ മുഖ്യാതിഥിയായി. വനിതാ കമ്മിഷൻ അംഗങ്ങളായ അഡ്വ. ഇന്ദിരാ രവീന്ദ്രൻ, വി.ആർ. മഹിളാ മണി, ഡയറക്ടർ ഷാജി സുഗുണൻ, വാഴക്കുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.എം. അൻവർ അലി, വൈസ് പ്രസിഡന്റ് അജി ഹക്കിം, ബ്ലോക്ക് അംഗം കെ.എം. മുഹമ്മദ് സിറാജ്, കമ്മിഷൻ റിസർച്ച് ഓഫീസർ എ.ആർ. അർച്ചന, ബ്ലോക്ക് ശിശു വികസന ഓഫീസർമാരായ വി.എ. റഷീദ, സി ഡി എസ് ചെയർപേഴ്സൺ ഷെമീന അബ്ദുൽ ഖാദർ, സർവീസ് സഹകരണ ബാങ്ക് പ്രസിഡന്റ് അഡ്വ. പുഷ്പാ ദാസ് തുടങ്ങിയവർ പങ്കെടുത്തു.

# കൂടുതൽ ആശുപത്രികളിൽ ശ്വാസ് ക്ലിനിക്കുകൾ

**തിരുവനന്തപുരം:** കൂടുതൽ ആശുപത്രികളിൽ ഈ വർഷം ശ്വാസ് ക്ലിനിക്കുകൾ ആരംഭിക്കുമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. ശ്വാസകോശ രോഗികൾക്കായുള്ള പൾമണറി റീഹാബിലിറ്റേഷൻ സെന്റർ, ആരോഗ്യ പ്രവർത്തകർക്കുള്ള പരിശീലനകേന്ദ്രം തുടങ്ങിയവ ഉൾപ്പെടുത്തിക്കൊണ്ടുള്ള സംസ്ഥാനത്തെ രണ്ടാമത്തെ സ്റ്റേറ്റ് സി.ഒ.പി.ഡി. സെന്റർ തൃശൂർ നെഞ്ചുരോഗ ആശുപത്രിയിൽ ഈ വർഷം ആരംഭിക്കുന്നതിനായുള്ള നടപടികൾ ഇതിനോടകം സ്വീകരിച്ചു കഴിഞ്ഞു. ജില്ലാ, ജനറൽ ആശുപത്രികളിലും കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ആരംഭിച്ച ശ്വാസ് ക്ലിനിക്കുകളിലൂടെ മുപ്പതിനായിരത്തിലധികം സി.ഒ.പി.ഡി. രോഗികളെ കണ്ടെത്തി ആവശ്യമായ ചികിത്സ നൽകി വരുന്നതായും മന്ത്രി വ്യക്തമാക്കി. ലോക സി.ഒ.പി.ഡി. ദിന സന്ദേശത്തിലാണ് മന്ത്രി ഇക്കാര്യം വ്യക്തമാക്കിയത്.

ശ്വാസകോശത്തെ ബാധിക്കുന്ന ഒരു രോഗമാണ് സി.ഒ.പി.ഡി. വിട്ടുമാറാത്തതും കാലക്രമേണ വർദ്ധിക്കുന്നതുമായ ശ്വാസംമുട്ടൽ, കഫക്കെട്ട്, ചുമ എന്നിവയാണ് ഈ രോഗത്തിന്റെ പ്രധാന ലക്ഷണങ്ങൾ. പലതരം പുകകൾ, വാതകങ്ങൾ, പൊടിപടലങ്ങൾ തുടങ്ങിയവയോടുള്ള സമ്പർക്കം ഈ രോഗാവസ്ഥയ്ക്ക് കാരണമാകുന്നു. പുകവലിയും അന്തരീക്ഷ മലിനീകരണവും സി.ഒ.പി.ഡി.ക്കുള്ള കാരണങ്ങളിൽ പ്രഥമസ്ഥാനത്ത് നിൽക്കുന്നു.

ലോകത്ത് മരണങ്ങൾക്കുള്ള ആദ്യ മൂന്നു കാരണങ്ങളിൽ ഒന്നാണ് സി.ഒ.പി.ഡി. പ്രതിവർഷം മൂന്ന് ദശലക്ഷം മരണങ്ങൾ സി.ഒ.പി.ഡി. മൂലം സംഭവിക്കുന്നു എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഗ്ലോബൽ ബർഡെൻ ഓഫ് ഡിസീസ് എസ്റ്റിമേറ്റ് പ്രകാരം ഇന്ത്യയിൽ മാരകരോഗങ്ങളിൽ സി.ഒ.പി.ഡി രണ്ടാം സ്ഥാനത്ത് നിൽക്കുന്നു. ഈ രോഗത്തിന്റെ വ്യാപ്തി മനസിലാക്കിക്കൊണ്ട് അവബോധം വളർത്തുവാനാണ് 2002 മുതൽ നവംബർ മാസത്തിലെ മൂന്നാമത്തെ ബുധനാഴ്ച ലോക സി.ഒ.പി.ഡി. ദിനമായി ആചരിക്കുന്നത്.

ശ്വാസകോശ ആരോഗ്യം കുട്ടിക്കാലം മുതൽ തന്നെ സംരക്ഷിക്കേണ്ടതിന്റെയും നേരത്തെയുള്ള രോഗ നിർണയത്തിന്റെയും ചികിത്സയുടെയും പ്രാധാന്യവും ഊട്ടി ഉറപ്പിക്കുന്നതാണ് ഈ സന്ദേശം.

സംസ്ഥാനത്ത് അഞ്ച് ലക്ഷത്തോളം സി.ഒ.പി.ഡി. രോഗികൾ ഉണ്ടെന്നാണ് കണക്കാക്കുന്നത്. ഇതിന്റെയടിസ്ഥാനത്തിൽ സി.ഒ.പി.ഡിയെ എൻ.സി.ഡിയുടെ ഭാഗമായി ഉൾപ്പെടുത്തുകയും പ്രതിരോധത്തിനും നിയന്ത്രണത്തിനും ചികിത്സയ്ക്കുമായി ശ്വാസ് എന്ന പേരിൽ ഒരു നൂതന സംരംഭം ആരംഭിക്കുകയും ചെയ്തു.

ഈ പദ്ധതിയിലൂടെ കേരളത്തിൽ നിലവിലുള്ള രോഗികൾക്ക് കുടുംബാരോഗ്യ കേന്ദ്രം മുതൽ ജില്ലാ, ജനറൽ ആശുപത്രി വരെയുള്ള ആശുപത്രികളിൽ സജ്ജമാക്കിയ ശ്വാസ് ക്ലിനിക്കുകളിലൂടെ കൃത്യമായ ചികിത്സ ഉറപ്പുവരുത്തുന്നു.

സ്പൈറോമെട്രി പരിശോധനയിലൂടെ കൃത്യമായ രോഗനിർണയം, ശ്വാസ് ചികിത്സാ മാർഗരേഖ പ്രകാരമുള്ള കൃത്യമായ ചികിത്സ, സൗജന്യമായി ഇൻഹേലർ മരുന്നുകൾ, പുകവലി നിർത്തുന്നതിനായുള്ള ചികിത്സ, പൾമണറി റീഹാബിലിറ്റേഷൻ, കൗൺസിലിങ്, കൃത്യമായ റഫറലും ഫോളോ അപ്പും എന്നീ സേവനങ്ങൾ ശ്വാസ് ക്ലിനിക്കുകളിലൂടെ നൽകുന്നത്.

# സംരംഭകത്വ വികസന പരിശീലന പരിപാടി

**കൊല്ലം:** വ്യവസായ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നവംബർ 22 മുതൽ ഡിസംബർ എട്ടുവരെ സംരംഭകത്വ വികസന പരിശീലന പരിപാടി സംഘടിപ്പിക്കും.

നൂതന സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള മാർഗനിർദേശങ്ങളും വിവിധ വകുപ്പുകളിൽ നിന്നുള്ള ലൈസൻസ്, എൻ ഒ സി എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടികളും പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ, ജില്ലാ വ്യവസായ കേന്ദ്രം മുഖേന ലഭ്യമാക്കുന്ന വിവിധ പദ്ധതികളെ കുറിച്ചുള്ള ക്ലാസ്സ് തുടങ്ങിയവ പരിശീലന പരിപാടിയിൽ ഉൾപ്പെടും പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിന് ആവശ്യമായ സഹായങ്ങളും ബാങ്ക് വായ്പ ലഭ്യമാക്കുന്നതിനുള്ള സഹായങ്ങളും ചെയ്തു നൽകും. പരിശീലനപരിപാടി പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്യും. നവംബർ 18 നകം ജില്ലാ വ്യവസായ കേന്ദ്രത്തിലോ താലൂക്ക് വ്യവസായ കേന്ദ്രങ്ങളിലോ അപേക്ഷ സമർപ്പിക്കണം. ഫോൺ 9446701409, 9446365147,0474 2748395.

# നവജാത ശിശു സംരക്ഷണ വാരം: സംസ്ഥാനതല ഉദ്ഘാടനം മന്ത്രി വീണാ ജോർജ് നിർവഹിക്കും

**തിരുവനന്തപുരം:** നവജാത ശിശു സംരക്ഷണ വാരാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നവംബർ 16 വ്യാഴാഴ്ച രാവിലെ 10 ന് തിരുവനന്തപുരം മെഡിക്കൽ കോളേജ് ഡയമണ്ട് ജൂബിലി ഓഡിറ്റോറിയത്തിൽ ആരോഗ്യ മന്ത്രി വീണാ ജോർജ് നിർവഹിക്കും. കടകംപള്ളി സുരേന്ദ്രൻ എം.എൽ.എ. അധ്യക്ഷത വഹിക്കും. നവജാത ഐസിയുവിൽ നിന്ന് ഡിസ്ചാർജ് ചെയ്യപ്പെടുന്ന കുഞ്ഞുങ്ങളുടെ തുടർപരിചരണം മെച്ചപ്പെടുത്താൻ പ്രത്യേക കോൾ സംവിധാനവും നാളെ ആരംഭിക്കും. പ്രത്യേക പരിശീലനം നേടിയ സ്റ്റാഫ് നഴ്സുമാരാണ് ഈ സേവനം നിർവഹിക്കുന്നത്. എസ്.എ.ടി. ആശുപത്രിയിൽ നിന്നും കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ സുഖം പ്രാപിച്ച 75 നവജാത ശിശുക്കളുടെ മാതാപിതാക്കളുടെ സംഗമവും ഇതോടൊപ്പമുണ്ടാകും.

നവജാത ശിശു മരണനിരക്ക് ഏറ്റവും കുറവുള്ള സംസ്ഥാനമാണ് കേരളം. നവജാത ശിശു പരിചരണം മെച്ചപ്പെടുത്തുന്നതിന് വേണ്ടി സംസ്ഥാനം നടത്തിയ ആസൂത്രിതമായ ഇടപെടലുകൾ കാരണമാണ് ഈ നേട്ടം കൈവരിക്കാനായത്. സംസ്ഥാന സർക്കാർ ഈ വർഷം ഊന്നൽ കൊടുക്കുന്നതും നവജാതശിശു ഐസിയുകളും ഗൃഹകേന്ദ്രീകൃത പരിചരണ സംവിധാനവും തമ്മിൽ ബന്ധപ്പെടുത്തി കുഞ്ഞുങ്ങളുടെ ആരോഗ്യം മെച്ചപ്പെടുത്തുക എന്നുള്ളതാണ്. സ്ഥാപനങ്ങളേയും പൊതുസമൂഹത്തിന്റേയും കൂട്ടായ ഇടപെടലുകളിലൂടെ നവജാത ശിശുക്കളുടെ സമഗ്ര പരിചരണം ഉറപ്പ് വരുത്താനാണ് ലക്ഷ്യമിടുന്നത്.

# സൈക്കോളജിസ്റ്റ്, ഫിസിയോതെറാപ്പിസ്റ്റ് ഒഴിവ്

**തിരുവനന്തപുരം:** ഭരതീയ ചികിത്സാ വകുപ്പ് നടപ്പാക്കുന്ന സ്നേഹധാര പദ്ധതിയിൽ സൈക്കോളജിസ്റ്റ്, ഫിസിയോ തെറാപ്പിസ്റ്റ് ഒഴിവുകളിലേക്ക് താത്കാലികാടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. രണ്ട് തസ്തികകളിലും സ്ത്രീകളാണ് അപേക്ഷിക്കേണ്ടത്.എം.എസ്എസി അല്ലെങ്കിൽ എം.എ സൈക്കോളജിയാണ് സൈക്കോളജിസ്റ്റ് തസ്തികയിലെ യോഗ്യത. റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ രജിസ്ട്രേഷൻ ഉള്ളവർക്ക് മുൻഗണനയുണ്ടാകും.അംഗീകൃത യൂണിവേഴ്സിറ്റിയിൽ നിന്നും ഫിസിയോതെറാപ്പിയിൽ ബിരുദമുള്ളവർക്ക് ഫിസിയോതൊറാപ്പിസ്റ്റ് തസ്തികയിലേക്ക് അപേക്ഷിക്കാം. താത്പര്യമുള്ളവർ വിശദമായ ബയോഡാറ്റയും യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ അസലും സ്വയംസാക്ഷ്യപ്പെടുത്തിയ പകർപ്പുകളും സഹിതം തിരുവനന്തപുരം ജില്ലാ പഞ്ചായത്തിൽ നവംബർ 17 രാവിലെ 10.30ന് ഹാജരാകണമെന്ന് ഭരതീയ ചികിത്സാ വകുപ്പ് ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു.

# വിവരങ്ങൾ ഓൺലൈനായി നൽകണം

**തിരുവനന്തപുരം:** 2022 അധ്യയന വർഷത്തെ പി.ജി. മെഡിക്കൽ കോഴ്സ് പ്രവേശനവുമായി ബന്ധപ്പെട്ട് പ്രവേശന പരീക്ഷ കമ്മീഷണർക്ക് ഫീസ് ഒടുക്കിയിട്ടുള്ളവരിൽ ഇതുവരെയും റീഫണ്ട് ലഭിക്കാത്ത വിദ്യാർഥികൾക്ക് തുക ബാങ്ക് അക്കൗണ്ട് വഴി തിരികെ നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചു. റീഫണ്ടിന് അർഹതയുള്ള വിദ്യാർഥികളുടെ ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. റീഫണ്ട് ലഭിക്കാൻ അർഹതയുള്ള വിദ്യാർഥികൾ www.cee.kerala.gov.in se PG Medical 2022 Candidate Portal' എന്ന ലിങ്കിൽ ആപ്ലിക്കേഷൻ നമ്പർ, പാസ് വേഡ് എന്നിവ നൽകി പ്രവേശിച്ച് Submit Bank Account Details എന്ന മെനു ക്ലിക്ക് ചെയ്ത് അവരവരുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ നവംബർ 25നു വൈകിട്ട് അഞ്ചുവരെ ഓൺലൈനായി സമർപ്പിക്കണം. ഹെൽപ് ലൈൻ: 04712525300.

# കോന്നി മെഡിക്കൽ കോളജിലേക്ക് 88 ഡോക്ടർമാർകൂടി

**പത്തനംതിട്ട:** എംബിബിഎസിൻറെ രണ്ട് ബാച്ചുകൾ ഉണ്ടായിട്ടും ആശുപത്രി പ്രവർത്തനം കാര്യക്ഷമമല്ലാത്ത കോന്നി സർക്കാർ മെഡിക്കൽ കോളജിലേക്കു ശബരിമല തീർഥാടനകാലം മുൻനിർത്തി 88 ഡോക്ടർമാരെക്കൂടി നിയമിച്ച് ഉത്തരവ്.




സംസ്ഥാനത്തെ വിവിധ സർക്കാർ മെഡിക്കൽ കോളജുകളിൽ ജോലി ചെയ്തുവരുന്ന ഡോക്ടർമാരെയാണ് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് കോന്നിയിലേക്ക് സ്ഥലംമാറ്റിയിരിക്കുന്നത്.

മതിയായ ചികിത്സാ സംവിധാനം ഇനിയുമാകാത്ത കോന്നിയിലേക്ക് ഇത്രയധികം പേരെ സ്ഥലംമാറ്റിയതിനെതിരേ ഡോക്ടർമാരുടെ സംഘടന ശക്തമായ പ്രതിഷേധം ഉയർത്തിയിരിക്കുകയാണ്.

കോന്നി സർക്കാർ മെഡിക്കൽ കോളജിൽ അടുത്ത വർഷത്തെ എംബിബിഎസ് ബാച്ചിന് പ്രവേശനാനുമതി ലഭിക്കുന്നതിലേക്ക് ഡിസംബർ, ജനുവരി മാസങ്ങളിലാണ് ദേശീയ മെഡിക്കൽ കൗൺസിൽ പരിശോധനയ്ക്കെത്തുന്നത്. ഇവരുടെ പരിശോധന മുന്നിൽക്കണ്ടാണ് കോന്നിയിലേക്ക് ഡോക്ടർമാരുടെ കൂട്ടസ്ഥലംമാറ്റം നടത്തിയിരിക്കുന്നതെന്നു പറയുന്നു.

നിലവിൽ കോന്നി മെഡിക്കൽ കോളജിൽ എംബിബിഎസ് ബാച്ചിന് താത്കാലിക പ്രവേശനാനുമതി മാത്രമാണ് നൽകിയിരിക്കുന്നത്. ഓരോ വർഷവും ഇതു പുതുക്കി നൽകുന്നതിലേക്ക് മെഡിക്കൽ കൗൺസിൽ പരിശോധന ഉണ്ടാകും. അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ഇപ്പോഴും മെഡിക്കൽ കോളജിനുണ്ട്. ഉദ്ഘാടനം കഴിഞ്ഞിട്ടു മൂന്നുവർഷത്തിലേറെയായെങ്കിലും കിടത്തി ചികിത്സ പൂർണ സജ്ജമല്ല. അത്യാഹിത വിഭാഗവും ഓപ്പറേഷൻ തിയേറ്ററും പ്രവർത്തിച്ചു തുടങ്ങിയിട്ടില്ല. മെഡിക്കൽ കോളജിലേക്കുള്ള റോഡ് പൂർത്തിയാകാത്തത് ആംബുലൻസ് ഉൾപ്പെടെയുള്ളവയുടെ യാത്ര ബുദ്ധിമുട്ടിലാണ്.

ഇക്കുറി ശബരിമല വാർഡ് മെഡിക്കൽ കോളജിന് അനുവദിച്ചിട്ടുണ്ട്. ഇതിൻറെ പേരിലാണ് ഡോക്ടർമാരുടെ സ്ഥലംമാറ്റം. എന്നാൽ ഇത്രയും ഡോക്ടർമാരുടെ ആവശ്യം നിലവിൽ കോന്നി മെഡിക്കൽ കോളജിനില്ലെന്നാണ് മെഡിക്കൽ കോളജ് ഡോക്ടർമാരുടെ സംഘടനയായ കെജിഎംസിടിഎ ഭാരവാഹികളുടെ അഭിപ്രായം. മെഡിക്കൽ കൗൺസിൽ പരിശോധനയ്ക്കെത്തുന്പോൾ കൂടുതൽ ഡോക്ടർമാരെ നിയമിച്ചതിൻറെ കണക്കുകൾ കാണിക്കുകയാകും ലക്ഷ്യം.

ശബരിമല വാർഡ് തുടങ്ങിയാൽ രോഗികളുടെ എണ്ണവും കൂടുമെന്നാണ് കണക്കു കൂട്ടൽ. ജനുവരി 20 വരെയാണ് ഡോക്ടർമാർക്ക് നിലവിൽ നിയമനം നൽകിയിരിക്കുന്നത്.

# വ്യവസായ ഭൂമി ഇനി വ്യവസായ ആവശ്യങ്ങൾക്ക് മാത്രം: മന്ത്രി രാജീവ്



**ആലുവ:** വ്യവസായ ആവശ്യങ്ങൾക്കായി ഏറ്റെടുത്ത ഭൂമി മറ്റാവശ്യങ്ങൾക്കായി അനുവദിക്കില്ലെന്നതാണ് സർക്കാരിൻറെ പുതിയ നയമെന്ന് മന്ത്രി പി. രാജീവ് പറഞ്ഞു. പൊതുമേഖലാ സ്ഥാപനമായ ആലുവ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂറിലെ (എഫ്ഐടി) നവീകരണ പദ്ധതികൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

വർഷങ്ങളായി എഫ്ഐടിയുടെ കൈയിലുള്ള ഏഴേക്കർ പാട്ടഭൂമി വ്യവസായിക ആവശ്യങ്ങൾക്ക് മാത്രമേ നൽകൂ. അതിനാലാണ് സർക്കാർ പ്രഖ്യാപിച്ച വഴിയോര വിശ്രമകേന്ദ്ര പദ്ധതി പിൻവലിച്ചത്. ചൂർണിക്കര പഞ്ചായത്ത്, വില്ലേജ് ഓഫീസ്, ലൈഫ് പദ്ധതി എന്നിവയ്ക്കും സ്ഥലം നൽകാനാവില്ലെന്നും മന്ത്രി അറിയിച്ചു.

പ്രവർത്തന ചെലവ് കുറച്ച് ഉത്പാദനം വധിപ്പിക്കാനായില്ലെങ്കിൽ എഫ്ഐടി അടക്കമുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ എന്തിനാണന്ന് ജനം ചിന്തിക്കുമെന്നും മന്ത്രി മുന്നറിയിപ്പ് നൽകി. പൊതുമേഖല സ്ഥാപനങ്ങളിലെ നിയമനം റിക്രൂട്ട്മെൻറ് ബോർഡിന് കൈമാറിയതായും മന്ത്രി പറഞ്ഞു. വികസനത്തിൻറെ ഭാഗമായി സ്ഥാപിച്ച ആധുനിക ബാൻഡ്സോ യന്ത്രം ഉദ്ഘാടനവും പെട്രോൾ പമ്പ് തുടങ്ങുന്നതിൻറെ ഔദ്യോഗിക പ്രഖ്യാപനവും മന്ത്രി നിർവഹിച്ചു. അൻവർ സാദത്ത് എംഎൽഎ അധ്യക്ഷത വഹിച്ചു.

# മഹാരാജാസ് സിന്തറ്റിക് ട്രാക്കിൻെറ നവീകരണം യാഥാർഥ്യമാകുന്നു

**കൊച്ചി:** നീണ്ട നാളത്തെ കാത്തിരിപ്പിനൊടുവിൽ എറണാകുളം മഹാരാജാസ് ഗ്രൗണ്ടിൽ സിന്തറ്റിക് ട്രാക്ക് നവീകരണം യാഥാർഥ്യമാകുന്നു. അന്താരാഷ്ട്ര നിലവാരത്തിൽ ട്രാക്ക് നവീകരിക്കുന്നതിനുള്ള ടെണ്ടർ കായിക വകുപ്പിന് കീഴിലുള്ള എൻജിനീയറിംഗ് വിഭാഗമായ സ്പോർട്സ് കേരള ഫൗണ്ടേഷൻ (എസ്കെഎഫ്) ക്ഷണിച്ചു. അടുത്ത മാസത്തോടെ നിർമാണ പ്രവൃത്തികൾ ആരംഭിച്ച് ജൂണിന് മുൻപായി പൂർത്തീകരിക്കാനാണ് ലക്ഷ്യം.

കഴിഞ്ഞ ഒരു പതിറ്റാണ്ടിലേറെയായി സർക്കാർ മേഖലയിലുള്ള ജില്ലയിൽ ഏക സിന്തറ്റിക്ക് ട്രാക്ക് പൊട്ടിപ്പൊളിഞ്ഞ് മൃതാവസ്ഥയിലാണ്. നവീകരണ പദ്ധതികളേറെ ആവിഷ്കരിക്കപ്പെട്ടെങ്കിലും ഒന്നും യാഥാർഥ്യത്തിലേക്ക് എത്തിയില്ല. ഒടുവിൽ പിഡബ്ല്യുഡി കൂടി കൈവിട്ടതോടെ നവീകരണം എസ്കെഎഫിനെ ഏൽപ്പിക്കുകയായിരുന്നു. നിലവിലുള്ള അതേ വീതിയിൽ എട്ട് ലൈൻ ട്രാക്കാണ് പുനർനിർമിക്കുന്നത്. ട്രാക്കിൻറെ മുകൾ ഭാഗത്തെ സിന്തറ്റിക്കും തൊട്ടു താഴെയുള്ള ബിറ്റുമിനസ് കോൺക്രീറ്റും ഇളക്കി മാറ്റും. ശേഷം പുതിയ ബിസിയും സിന്തറ്റിക്കും നൽകും. അന്താരാഷ്ട്ര നിലവാരത്തിലാണ് നിർമാണം. ഏകദേശം 6.9 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതി അടുത്ത മഴക്കാലം ആരംഭിക്കുന്നതിന് മുന്പ് പൂർത്തീകരിക്കാനാണ് ലക്ഷ്യം.

മൂന്നുവർഷത്തെ പെർഫോമിംഗ് ഗ്യാരൻറി ഉണ്ടാകണമെന്നാണ് ടെണ്ടർ വ്യവസ്ഥ. അന്താരാഷ്ട്ര അത്‌ലറ്റിക് അസോസിയേഷൻ ട്രാക്കിൻറെ നിലവാരം സാക്ഷ്യപ്പെടുത്തിയ ശേഷമേ കരാറുകാർക്ക് തുക നൽകു. മൂന്നുവർഷത്തിനുള്ളിൽ ട്രാക്കിൽ എന്തെങ്കിലും കേടുപാട് സംഭവിച്ചാൽ അറ്റകുറ്റപ്പണി നടത്തണം. ഇതോടൊപ്പം ഗ്രൗണ്ടിലെ ഹോക്കി ടർഫ് നവീകരിക്കാനുള്ള എസ്റ്റിമേറ്റും എസ്കെഎഫ് തയാറാക്കിയിട്ടുണ്ട്. 2004 ലാണ് ജില്ലയിലെ ആദ്യ സിന്തറ്റിക് ട്രാക്ക് മഹാരാജാസ് ഗ്രൗണ്ടിൽ സ്ഥാപിച്ചത്. 2012ൽ അറ്റകുറ്റപ്പണി നടത്തി. വീണ്ടും ട്രാക്ക് തകർന്നതോടെ 2021 ൽ ടർഫ് നവീകരിക്കാൻ കായിക വകുപ്പ് 6.3 കോടി രൂപ അനുവദിച്ചു. എന്നാൽ കോളജും കായിക യുവജനകാര്യ വകുപ്പും തമ്മിൽ ധാരണാപത്രം ഒപ്പിടുന്നതുമായി ബന്ധപ്പെട്ട തർക്കത്തെ തുടർന്ന് പദ്ധതി നിലച്ചു. ഇപ്പോൾ വിദ്യാഭ്യാസ വകുപ്പിൻറെ ഫണ്ട് ഉപയോഗിച്ചാണ് ട്രാക്ക് നവീകരിക്കുന്നത്.

